നിർദ്ദേശം കേന്ദ്രഗവൺമെൻറിന്റെ മുൻപിൽ സമർപ്പിച്ചതുകൊണ്ടാണ് 258 കോടി രൂപയിൽ കുറയാതെയുള്ള തുക നിശ്ചയിച്ചത്. ഈ ഗവൺമെൻറ് താളത്തിനൊത്തു തുള്ളിയെന്നും, കാര്യമായി വാദിച്ചില്ലെന്നും ശ്രീ. ഗോവിന്ദപ്പിള്ള പറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നു. ഈ ഗവൺമെൻറ് ഊർജ്ജസ്വലമായ നടപടികളാണ് ആ കാര്യത്തിൽ എടുത്തിട്ടുള്ളതെന്നു പ്രസ്താവിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

Resolution moved by Shri P. G. Purushothaman Pillai was put and lost.

LEGISLATIVE BUSINESS

The Kerala Industrial Payment of Gratuity Bill

Mr. Deputy Speaker: Now, I am allowing Mr. Ravindran to present the Select Committee Report on the Kerala Industrial Employees' Payment of Gratuity Bill, 1970.

Minister for Industries and Labour (**Shri P. Ravindran**) Sir, I present the Report of the Select Committee on the Kerala Industrial Employees' Payment of Gratuity Bill, 1970.

Mr. Deputy Speaker: The Report is presented.

RESOLUTIONS (*Contd.*)

(ii) Inclusion of the Kerala Land Reforms Act in Schedule IX of the Constitution of India

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ''കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളും കോടതികളിൽ ചോദ്യം ചെയ്യപ്പെടാതിരിക്കുന്നതിന് പ്രസ്തുത നിയമം ഇൻഡ്യൻ ഭരണഘടനയുടെ 9-ാംഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു'' എന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ ലക്ഷക്കണക്കിനുള്ള കുടികിടപ്പുകാർക്കും കുടിയാൻമാർക്കും കൂടുതൽ അവകാശങ്ങളും നൽകുകയും ഈ നാട്ടിൽനിന്ന് ജൻമിത്വം എന്നത്തേയ്ക്കുമായി അവസാനിപ്പിക്കുകയും ചെയ്തുകൊണ്ടുള്ള ഒരു നിയമമാണ് ഈ സഭ പാസാക്കുകയും ഈ ജനുവരി 1-ാംതീയതി മുതൽ പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുള്ള ഭൂപരിഷ്ക്കരണ ഭേദഗതി നിയമം. ഈ നാട്ടിലെ പാവപ്പെട്ട ജനത, സ്വന്തമായി കുടികിടപ്പില്ലാത്തവരും സ്വന്തമായി കൃഷിഭൂമിയില്ലാത്തവരും നേടിയെടുത്ത ഒരു അവകാശ രേഖയാണ് ഈ നിയമം. ഈ നിയമത്തിന്റെ ഉടമസ്ഥതയെപ്പറ്റി പല തർക്കങ്ങളും നടക്കുന്നുണ്ട്. മാർക്സിസ്റ്റുകാർ പറയുന്നത് ഈ നിയമം അവരുടെ സ്വന്തം വകയാണെന്നാണ്. സ്വന്തം പണിയാണെന്നാണ്. ഇത് ഉത്തരം താങ്ങിനിറുത്തിയ പല്ലി പറഞ്ഞ അവകാശവാദമാണ്. ഈ സഭയിലെ വിവിധ കക്ഷികളും ഈ നിയമം പാസാക്കിയെടുക്കുന്നതിനായി ചെയ്തിട്ടുള്ള സ്തുത്യർഹമായ പ്രവർത്തനങ്ങളെപ്പറ്റിയും സേവനങ്ങളെപ്പറ്റിയുമൊക്കെ മാർക്സിസ്റ്റുകാർക്കും ബോധമില്ലെങ്കിലും ഗൗരിയമ്മയ്ക്ക് ആ ബോധമുണ്ടെന്നാണ് കാണുന്നത്. ഈയ്യിടെ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ അവകാശവാദം ചുരുക്കി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. ആ പ്രസ്താവനയിൽ, ഭൂപരിഷ്ക്കരണ ഭേദഗതി ബില്ലിന്റെ ഉടമസ്ഥനൊന്നുമല്ലെങ്കിലും ആ ഭേദഗതി ബില്ലിന് ഈ നിയമസഭയിൽ സ്റ്റീയറിംഗ് പിടിച്ചത് അവരാണെന്നാണ് പറയുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ പ്രമേയത്തിൽ കേരള ഭൂ പരിഷ്ക്കരണനിയമം എന്നാണ് പറഞ്ഞിരിക്കുന്നത്. കേരള ഭൂ പരിഷ്ക്കരണ ഭേദഗതി നിയമമല്ലേ ഉദ്ദേശിച്ചിരിക്കുന്നത്?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഭേദഗതി നിയമം എന്ന് ഞാൻ ഒരു ഓറൽ അമൻറ്മെന്റ് നിർദ്ദേശിക്കുകയാണ്. അങ്ങനെ ഗൗരിയമ്മ അവരുടെ അവകാശത്തെ ചുരുക്കിപ്പറഞ്ഞു. അവർ അതിന്റെ സ്റ്റീയറിംഗ് പിടിച്ച കാര്യമാണ് പറഞ്ഞത്. ഗൗരിയമ്മ വളരെ സൂക്ഷിച്ച് ഇതിന്റെ സ്റ്റീയറിംഗ് പിടിച്ചതിന് നന്ദി പറയണം. അല്ലെങ്കിൽ എന്തൊക്കെ അപകടമാണ് ഈ സഭയിലെ അംഗങ്ങൾക്ക് സംഭവിക്കുമായിരുന്നതെന്ന് പറയാൻ പ്രയാസമാണ്. പാവപ്പെട്ട കുടിയാൻമാർക്കും കുടികിടപ്പുകാർക്കും കൂടുതൽ അവകാശങ്ങൾ നൽകിക്കൊണ്ടുള്ള ഈ നിയമം നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും പല മുടക്കുകളും പൊന്തിവരും. അതിൽ പ്രധാനപ്പെട്ട ഒന്ന്, മാർക്സിസ്റ്റുകാർ ഈ നിയമം അതി വിചിത്രമായ രീതിയിൽ, നിയമ വിരുദ്ധമായ രീതിയിൽ നടപ്പാക്കുന്ന കാര്യമാണ്. മാർക്സിസ്റ്റുകാർ പറയുന്നത്, ഭൂ നിയമം നടപ്പാക്കാനായിട്ട് കുറെ മുള്ളും കുറ്റികളും രണ്ടു മുടി ചൂടിക്കയറും ഉണ്ടായാൽ മതിയെന്നാണ്. മുള്ളും കുറ്റിയും ചൂടിക്കയറും കൊണ്ട് ഭൂ നിയമം നടപ്പാക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന മാർക്സിസ്റ്റുകാരുടെ പ്രവർത്തിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. വീട്ടിൽ സുഖമായിരുന്നുകൊണ്ട് തങ്ങളുടെ അനുയായികളെക്കൊണ്ട് ഇഷ്ടമുള്ള ഭൂമികയും വലിച്ചുകെട്ടിക്കുക, കണ്ടവരുടെ തേങ്ങയിടാൻ പ്രേരിപ്പിക്കുക, ഇതിനൊക്കെ നിയമപാലകൻമാർ നേരിടും, ആരോഗ്യമുള്ള ഭൂ ഉടമകളുണ്ടെങ്കിൽ അവരും നേരിടും. നിയമാനുസൃതമായ നടപടികളും അംഗീകരിക്കാതെയിരുന്നാൽ ഈ നിയമത്തിലെ കുടികിടപ്പുകാർക്കും കുടിയാൻമാർക്കും കൊടുക്കുന്ന ആനുകൂല്യങ്ങളും അവർക്ക് ലഭിക്കാതെ പോകുമെന്നുള്ള കാര്യം കൂടിയുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിലെ ആനുകൂല്യങ്ങളും അവകാശങ്ങളും നടപ്പാക്കുന്നതിന് മറെറാരു വലിയ തടസം കോടതി വിധിയാണ്. കോടതിയുടെ ഇടപെടൽ ഒരു പക്ഷേ ഈ നിയമത്തിന്റെ ആനുകൂല്യങ്ങളെ തടസ്സപ്പെടുത്തിയേക്കും. സ്വത്ത് ഉടമസ്ഥൻമാരുടെ വകയാണ്. അത് കൈവശം വയ്ക്കാനുള്ള ഭരണഘടനയിലെ വ്യവസ്ഥിതിക്കെതിരാണ് ഈ നിയമത്തിലെ പല വകുപ്പുകളും. അതുകൊണ്ട് ഈ നിയമം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കുമെന്ന വാദഗതിയുണ്ട്. ഈ വാദഗതി വച്ചുകൊണ്ടായിരിക്കും ശ്രീ. ഈ. എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞത്, ഇതു നടപ്പാക്കുമ്പോൾ ഞങ്ങൾക്കറിയാം, ഇത് നടപ്പാക്കാൻ സാധിക്കാത്ത നിയമമാണെന്ന്.

ശ്രീ. ടി. കെ. കൃഷ്ണൻ: അങ്ങനെ പറഞ്ഞില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ശരിയായിരിക്കാം. ഈ നിയമത്തിലെ ഭരണഘടനാപരമായി സ്വത്തവകാശത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള വകുപ്പുകൾക്കെതിരായി ഇതിനകം കേരള ഹൈക്കോടതിയിൽ റിട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ നിയമത്തിൽ പല കാതലായ വ്യവസ്ഥകളും, മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുള്ളത് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. അങ്ങനെ ഈ വ്യവസ്ഥകൾ ദുർബലപ്പെട്ടുപോകാതിരിക്കുന്നതിന്, ഈ നിയമത്തിൽ കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ ഒക്കെ കുടികിടപ്പുകാർക്കും കുടിയാൻമാർക്കും ലഭിക്കണമെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിന് ഭരണഘടനാപരമായ സംരക്ഷണം ലഭിക്കുകതന്നെവേണം. അതിന് ഈ നിയമത്തെ ഭരണഘടനയിലെ ഒൻപതാംഷെഡ്യൂളിൽപെടുത്തുക എന്നുള്ളതുമാത്രമാണ് പോംവഴി. സ്വത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നതിന് നൽകിയിട്ടുള്ള അവകാശത്തെ ചോദ്യംചെയ്തുകൊണ്ട് കോടതിയിൽ റിട്ട് ഫയൽ ചെയ്യുന്ന വ്യക്തികളും, ഈ നിയമം ഭരണഘടനാ വിരുദ്ധമാണെന്നു വിധിക്കുന്ന കോടതികളും നിർഭാഗ്യവശാൽ ഇതിന്റെ മാനുഷികവശം കണക്കാക്കുന്നില്ല. സ്വത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നതിനുള്ള അവകാശം വളരെ പവനമായിട്ടുള്ളതാണ്, അതൊക്കെ ഈശ്വരദത്തമായിട്ടുള്ള അവകാശമാണെന്നു വാദിക്കുന്നവർ ഉണ്ട്. അതുകൊണ്ട് ഭരണഘടനാവ്യവസ്ഥകം ഭേഗതിചെയ്യുന്നത് പാവനമാണെന്നു വിശ്വസിക്കുന്നവരുണ്ട്. പക്ഷേ ഭാരതത്തിലെ കോടിക്കണക്കിന് ജനങ്ങൾം സ്വത്ത് ഒന്നുമില്ലാതെ, തല ചായ്ക്കാൻ പാർപ്പിടമില്ലാതെ, നഗ്നത മറയ്ക്കാൻ വസ്ത്രമില്ലാതെ, വിശപ്പടക്കുന്നതിനുള്ള വക കാണാതെ കഷ്ടപ്പെടുന്ന ഈ കാലത്ത് ഈ ആളുകൾം കുന്നുകൂട്ടി കൈയിൽ വച്ചുകൊണ്ട് ഈ സ്വത്ത് ആസ്വദിക്കുന്നതിൽ തീർച്ചയായും ഒരു പാവനതയും ഒരു പവിത്രതയും കാണാൻ എന്റെ പാർട്ടിക്കു സാധിക്കുന്നില്ല. അതുകൊണ്ട് ഭരണഘടനാപരമായ വ്യവസ്ഥയിൽത്തന്നെ വേണ്ടിവന്നാൽ ഭേഗതി വരുത്തണം. ഈ വ്യവസ്ഥ, ഇല്ലാത്തവർക്ക് നീതി കൊടുക്കാനായിട്ടുള്ള ഒരു നടപടിയെ തടസപ്പെടുത്തുന്ന നിയമം രാജ്യത്ത് ഉണ്ടാകാൻ പാടില്ല. അതിനെ തടസപ്പെടുത്തുന്ന നിയമങ്ങൾം ഈ രാജ്യത്ത് നിലനിൽക്കാൻ പാടില്ല. നിയമം മനുഷ്യനു വേണ്ടിയാണ്, മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല. ചിലർ പറയുന്നുണ്ട്, വെല്ലുവിളിക്കുന്നുണ്ട്, ഭരണഘടന ഭേഗതിചെയ്യണമെന്നുണ്ടെങ്കിൽ അതിന് പാർലമെന്റിന് അധികാരമില്ല, അതിനു വേണമെന്നുണ്ടെങ്കിൽ നിങ്ങൾം ഹിതപരിശോധന നടത്തണമെന്ന്. ആ വെല്ലുവിളി സ്വീകരിക്കാൻ, പാവങ്ങൾക്ക് നീതി കൊടുക്കാനുള്ള നയപരിപാടികൾ നടപ്പാക്കാൻ, ഭരണഘടന വേണ്ടിവന്നാൽ ഭേഗതി ചെയ്യണമെന്നുള്ള ഇഷ്യു ജനങ്ങളുടെ മുൻപിൽ വച്ചുകൊണ്ട് വിധി സമ്പാദിക്കാൻ ഏതവസരത്തിലും എന്റെ പാർട്ടി തയ്യാറാണ്. ഈ നിയമം സംരക്ഷിക്കാൻ വേണ്ടിയിട്ട് ഇതിനെ ഭരണഘടനയിലെ ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ പ്രമേയത്തെ ആരും എതിർക്കുകയില്ലെന്നാണ് എന്റെ വിശ്വാസം. ഈ പ്രമേയം ഏക കണ്ഠമായി പാസാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണ്. ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ ഇടയായത് 963—ലെ കേരള ഭൂപരിഷ്ക്കരണ നിയമം 60—ലെ ഒന്നാം ആക്ടായി പ്രസിദ്ധപ്പെടുത്തിയ നിയമം ഇൻഡ്യൻ ഭരണഘടനയുടെ 9—ാം ഷെഡ്യൂളിൽ പരിരക്ഷ നൽകിയിട്ടുണ്ടെങ്കിലും ആ നിയമത്തിന് ഭേഗതി വരുത്തുകയാണെങ്കിൽ ഒറിജിനൽ ആക്ടിലുണ്ടായ പ്രൊട്ടക്ഷൻ ഭേഗതി നിയമത്തിന് ഉണ്ടാവുകയില്ല എന്ന വാദമുണ്ട്. മാത്രമല്ല ലോകനാഥ് കേസിൽ സുപ്രീം കോടതിയുടെ വിധിയനുസരിച്ച് ആണെങ്കിൽ മൗലികാവകാശങ്ങളെ സ്പർശിക്കുന്ന യാതൊരു ഭേഗതിയും ചെയ്യരുത്, അങ്ങനെ ഭേഗതി ചെയ്യുകയാണെങ്കിൽ അത് ഭരണഘടനാ വിരുദ്ധമായിരിക്കുമെന്നുള്ള വ്യവസ്ഥയുമുള്ള സാഹചര്യത്തിൽ ഇത് 9—ാംഷെഡ്യൂളിൽ പെടുത്തേണ്ടതു് ആവശ്യമാണ്. വിശേഷിച്ചും ചില ചുറ്റുപാടിൽ ഒരു പക്ഷേ കോടതി ഇതിന് വിപരീതമായ ഒരു നിലപാട് സ്വീകരിച്ചു കൂടായ്കയില്ല എന്ന് ഈ നിയമം ഈ സഭയിൽ അവതരിപ്പിച്ച കാലത്തുണ്ടായിരുന്ന അന്നത്തെ പ്രതിപക്ഷ നേതാവായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു കണക്കിലെടുത്തുകൊണ്ടാണ് ഈ ഭേഗതി നിയമം 9—ാം ഷെഡ്യൂളിൽ പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ വാചകത്തിൽ ചില മാറ്റങ്ങൾം വരുത്തണം. ബഹുമാനപ്പെട്ട ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ഹാജിയുടെ ഭേഗതി സ്വീകരിക്കുകയാണെങ്കിൽ അതു സാധിക്കും. ഭരണഘടന ഭേഗതി ചെയ്തിട്ടാണെങ്കിലും 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്നുള്ള വാദഗതി സ്വീകരിക്കുമ്പോൾ മുമ്പ് പറഞ്ഞ കേസ് മനസിൽ വച്ചുകൊണ്ടാണ് പറയുന്നത്. ഒരു പക്ഷേ പാർലമെന്ററി ഭരണഘടന ഭേഗതി ചെയ്യാൻ അവകാശമില്ലെന്നുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നതെങ്കിൽ ആവശ്യമായി വരികയാണെങ്കിൽ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി വിളിച്ചുകൂട്ടി പോലും ഭരണഘടന ഭേഗതി ചെയ്യണമെന്നുള്ളതാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിലപാട്. മാർക്സിസ്റ്റ് സ്നേഹിതൻമാർ പറയുന്നതു പോലുള്ള ഭരണഘടനാ വിരുദ്ധരൊന്നുമല്ല. ജനാധിപത്യ മാർഗ്ഗത്തിലൂടെ വേണ്ടി വന്നാൽ കാൺസ്റ്റിറ്റ്യൂവൻറ് അസംബ്ലി വിളിച്ചുകൂട്ടിയാലും ഇത് ഭേഗതി ചെയ്യണം. ഭൂമിയെ സംബന്ധിച്ചിടത്തോളം ഭൂമിയിലുള്ള അവകാശത്തെ സംബന്ധിച്ചിടത്തോളം ചില ഭൂവുടമകൾക്ക് ഭൂമിയിലുള്ളതായ, വീടു വയ്ക്കാനുള്ള അവകാശമെങ്കിലും കൊടുക്കേണ്ടതാണ്. എന്നാൽ ഭൂസ്വാമികൾക്ക് ഭൂമിയിലുള്ള അവകാശത്തെ സംബന്ധിച്ചിടത്തോളം അത് ആംഗീകരിച്ചു കൊടുക്കാൻ നിവൃത്തിയില്ല. മറ്റു പലതിലും വ്യത്യസ്ഥമായ ഭൂമിയുടെ മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പരിധിവിട്ട് അതിന് അവകാശം കൊടുക്കണം. ഈ അടിസ്ഥാനത്തിൽ ഭരണഘടന ഭേഗതി ചെയ്തുകൊണ്ടാണെങ്കിലും ശരി നമ്മുടെ മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം വിപുലമായ ഭരണഘടന മാറേണ്ടതായ കാര്യമില്ല. അതിൽ ആവശ്യമായ ഭേഗതി വരുത്തിക്കൊണ്ട് കൃഷി ഭൂമി കർഷകനെന്ന ഏറ്റവും പ്രധാനമായ മൗലികമായ താൽപ്പര്യം നടപ്പിൽ വരുത്തുന്നതിന് ഇൻഡ്യാ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്ന ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ സഭ ഇത് ഐകകണ്ഠ്യേന പാസാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുകയാണ്. പ്രമേയത്തിൽ ''കേരളഭൂപരിഷ്കരണനിയമത്തിലെ'' എന്നതിനുപകരം 1969—ലെ കേരള ഭൂപരിഷ്ക്കരണ (ഭേഗതി) നിയമത്തിലെ'' എന്നു ചേർക്കുക. ഇതാണ് എന്റെ ഭേഗതി. ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയുടെ ഉദ്ദേശം ശരിപ്പെടണമെന്നുണ്ടെങ്കിൽ എന്റെ ഭേഗതി സ്വീകരിക്കണം. അതുകൊണ്ട് 1969—ലെ കേരള ഭൂപരിഷ്ക്കരണ ഭേഗതി നിയമത്തിലെ എന്നു ചേർത്ത വ്യവസ്ഥ കോടതിയിൽ ചോദ്യം ചെയ്യപ്പെടാതിരിക്കുന്നതിന് പ്രസ്തുത നിയമം ഇൻഡ്യൻ ഭരണഘടനയിലെ 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്ന് ഈ സഭ കേന്ദ്രഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു എന്ന ഭേഗതിയോടുകൂടി ശരിയാക്കാം. അതായിരിക്കും ഓർഡറിലാകുക. അതുകൊണ്ട് ഈ പ്രമേയം പ്രമേയകർത്താവ് സ്വീകരിക്കുമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു.

''In the resolution delete the words beginning from ഉൾപ്പെടുത്തണമെന്ന് and substitute the words ''ഉൾപ്പെടുത്താനാവശ്യമായ നടപടികളെടുക്കാൻ കേരള ഗവൺമെൻറിനോടും കേന്ദ്രഗവൺമെൻറിനോടും ഈ സഭ അഭ്യർത്ഥിക്കുന്നു.'' സർ, ഇതാണ് എന്റെ ഭേഗതി. കോടതികൾ നമ്മുടെ നാട്ടിന്റെ മാറ്റങ്ങളെസംബന്ധിച്ചും നാട്ടിലുള്ള ജനങ്ങളുടെ നാഡിയിടിപ്പിനെസംബന്ധിച്ചും യാതൊരു പരിഗണനയും കൂടാതെയുള്ള ചില ധാരണകളുടെ അടിസ്ഥാനത്തിൽ പല വിധികളും നടത്തിയിട്ടുണ്ട്. ഈയിടെതന്നെ നമ്മുടെ ഹൈക്കോടതി ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ ഫെയർറെന്റിനെ സംബന്ധിച്ച് അംഗീകരിച്ച ഒരു ഭേദഗതിയെ സംബന്ധിച്ച് കുടിയാൻമാർക്ക് വളരെ ദോഷകരമായ രീതിയിൽ ഒരു വിധി പറയുകയുണ്ടായി. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഇതുപോലെതന്നെ പല ഹൈക്കോടതികളും പാവപ്പെട്ട ആളുകളുടെ മൗലികാവകാശങ്ങളെ ബാധിക്കുന്നതാണെന്നുള്ള രീതിയിൽ അവയെല്ലാം നിഷേധിച്ചുകൊണ്ടിരിക്കുന്ന രീതിയാണുള്ളത്. സർ, ഇത് ഒരിക്കലുംതന്നെ സോഷ്യലിസത്തിലേക്ക് പ്രയാണംചെയ്യുന്ന ഒരു ജനതക്ക് സഹിക്കാൻ നിവൃത്തിയില്ല. കോടതികളുടെ അതിർത്തി വരമ്പുകളല്ല ഈ നാട്ടിന്റെ ഭാവി നിർണ്ണയിക്കേണ്ടത്. ഈ നാട്ടിലെ ജനങ്ങളാണ്. ഒരു ഡസൻ ജഡ്ജിമാരല്ല ഈ നാട്ടിന്റെ ഭാവി നിശ്ചയിക്കാനുള്ളത്. ഈ നാട്ടിന്റെ ഭാവി നിശ്ചയിക്കേണ്ടത് ജനങ്ങളുടെ പ്രതിനിധികളാണ്. നിയമസഭയും പാർലമെന്റുമാണ്. അപ്പോൾ തീർച്ചയായും ഈ മാതിരിയുള്ള ജഡ്ജിമാരെ ഇരുത്തികൊണ്ട്, ഈ ജഡ്ജിമാർ ഇരിക്കുന്ന കാലത്തോളം ഈ നിയമസഭ പാസാക്കുന്ന നിയമങ്ങളെ ആ സ്പിരിറ്റിൽതന്നെ ഉൾക്കൊള്ളാൻ സാധിക്കാതെ ആവശ്യമായ ഭേദഗതികളും ഭരണഘടനയിൽതന്നെ വരുത്തി നാം അംഗീകരിച്ച ഈ നിയമം യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്ത രീതിയിൽ 9-ാം ഷെഡ്യൂളിൽ പെടുത്തിയാൽ മതി. അതിനാവശ്യമായ നടപടികളും ഗവൺമെന്റും കേന്ദ്രഗവൺമെന്റും എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകളും'' എന്നതിനുപകരം ''കേരള ഭൂപരിഷ്ക്കരണ ഭേദഗതിനിയമത്തിലെ വ്യവസ്ഥകളും'' എന്നു ചേർക്കുക. ഇതാണ് എന്റെ ഭേദഗതി. ഈ ഭേദഗതി അംഗീകരിക്കാൻ യാതൊരു വിരോധവുമില്ല. ഓർഡിനൻസുകൾ അമെൻഡുമെന്റ് അവതരിപ്പിക്കാൻ തയ്യാറാണെന്ന് പ്രമേയകർത്താവുതന്നെ പറഞ്ഞതിൽ സന്തോഷമുണ്ട്. ഞാൻ ആദ്യം വിചാരിച്ചത് ഇത് കൽപ്പിച്ചുകൂട്ടികൊണ്ടുവന്ന പ്രമേയമാണെന്നാണ്. അങ്ങനെ അല്ലെന്നു പറഞ്ഞതിൽ കോൺഗ്രസ് കക്ഷിയുടെ നേതാവും പ്രമേയകർത്താവും പറഞ്ഞതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. തീർച്ചയായും ഈ ഭേദഗതി ആവശ്യമാണ്. ഇപ്പോഴുംതന്നെ ഈ നിയമത്തെ ഒരു ജില്ലാകോടതിയിൽ ചോദ്യം ചെയ്തതായിട്ടാണ് അറിയുന്നത്. കോടതിയിൽ ചോദ്യം ചെയ്യപ്പെടാതിരിക്കാൻ വേണ്ടിയിട്ട് ഇത്തരത്തിലുള്ള ഒരു ഭേദഗതി അടിയന്തിരമായി കൊണ്ടുവരണമെന്നാണ് ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. ഇത് സ്വീകരിക്കണമെന്നാവശ്യപ്പെടുന്നു.

ശ്രീ. എം. കെ. ദിവാകരൻ: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. പ്രമേയത്തിൽ, രണ്ടാംവരിയിൽ ''വ്യവസ്ഥകളും'' എന്നതിനു ശേഷം ''കോടതികളിൽ'' എന്നതിനുമുമ്പായി ''ജൻമികളും സ്ഥാപിതതാൽപ്പര്യക്കാരും'' എന്നു കൂട്ടിച്ചേർക്കണം. ഇതാണ് എന്റെ ഭേദഗതി. 1964-ലെ ഭൂനിയമത്തിന് ഭരണഘടനാപരമായ സംരക്ഷണം കിട്ടിയതുപോലെതന്നെ ഈ ഭേദഗതി നിയമത്തിനും ഭരണഘടന സംരക്ഷണം കിട്ടണമെന്നുള്ളതാണ് ഉദ്ദേശം. അതിന് ഒരു പ്രത്യേക കാരണമുണ്ട്. ഈ ബില്ലിന്റെ ശിൽപ്പികളിൽ പ്രധാനിയായ മുൻമുഖ്യമന്ത്രി ശ്രീ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടുതന്നെ ജൻമികളോടു പറഞ്ഞു, നിങ്ങൾ കോടതിയിൽ പോയാൽ നിങ്ങൾക്കാവശ്യമായ സൗകര്യം കിട്ടുന്നതിനു വ്യവസ്ഥയുണ്ട്

.....

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ നിയമസഭയിൽതന്നെ സഖാവ് ഇ. എം. എസ്. വ്യക്തമാക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ ഒരു പ്രസ്താ

വന നടത്തിയിട്ടില്ലെന്ന്. അങ്ങനെ അദ്ദേഹം നിഷേധിച്ചതിനുശേഷവും പിന്നെയും ഇങ്ങനെ പറയുന്നത് ശരിയാണോ?

[Shri. Moideenkutty Haji in the Chair.]

ശ്രീ. എം. കെ. ദിവാകരൻ: അതു ശരിയല്ല. അദ്ദേഹം അങ്ങനെ പ്രസ്താവിച്ചിട്ടുള്ളതായി പത്രത്തിൽ വായിച്ചതുകൊണ്ട് പറഞ്ഞുപോയതാണ്. ജൻമികൻ കോടതിയിൽ പോയിട്ടുണ്ട്. ജൻമിമാർക്കെതിരായി കൃഷിക്കാർക്കനുകൂലമായി പ്രഗൽഭൻമാരായ വക്കീലൻമാരെവച്ച് കേസു നടത്തണമെന്ന് ഗവൺമെൻറിനോടഭ്യർത്ഥിക്കുകയാണ്. ഈ നിയമം വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൻ കൈക്കൊള്ളണം. ഈ നിയമത്തെ തകർക്കുന്നതിനും ഇതിനൊരു അവ്യക്തത ഉണ്ടാക്കി ഈ രാജ്യത്ത് അലംകോലം സൃഷ്ടിക്കുന്നതിനുമാണ് മാർക്സിസ്റ്റു പാർട്ടി ശ്രമിക്കുന്നത്. അതുകൊണ്ടാണ് മുൻസംശയം പറഞ്ഞത്. 1964-ലെ ഭൂപരിഷ്ക്കരണം മൂലം നമുക്ക് സംരക്ഷണം കിട്ടിയതുപോലെ ഈ നിയമത്തിനും സംരക്ഷണം കിട്ടുന്നതിന് ഇത് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തണമെന്നുള്ള പ്രമേയത്തോടു യോജിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ജി ഗോപിനാഥൻപിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ അഞ്ചാം വരിയിൽ ''ഷെഡ്യൂളിൽ'' എന്നുള്ളത് കഴിഞ്ഞ് ''ഉടൻതന്നെ'' എന്നു കൂട്ടിച്ചേർക്കുക. ഇതാണ് എന്റെ ഭേദഗതി. സർ, ഞാനും ഈ ബില്ലിന്റെ സെലക്ടുകമ്മിറ്റിയിൽ അംഗമായിരുന്നു. ആക്ട് 1 ഓഫ് 64 ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പെടുത്തിയതാണ്. ഇത് ഒരു അമെൻറുമെൻറ് ബില്ലായി കൊണ്ടുവന്നതും പാസാക്കി എടുത്തതുമാണ്. പരിരക്ഷ കിട്ടുമെന്നുള്ള രീതിയിലാണ് ഇവയ്ക്ക് ഒട്ടാകെ രൂപം കൊടുത്തിട്ടുള്ളത്. അതുകൊണ്ട് ഒരു പ്രത്യേകമായ പ്രശ്നമായി അവശേഷിക്കുമെന്നു വിചാരിക്കുന്നില്ല. ഒരുവേള കാൺസ്റ്റിറ്റ്യൂഷൻ അമെൻറു ചെയ്യാൻ പ്രയാസമുണ്ടെന്ന് പ്രതിപക്ഷം പറയുന്നതിൽ കാര്യമുണ്ടെന്നു തോന്നുന്നില്ല. മിനിഞ്ഞാന്ന് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലെ 23 അമെൻറുമെൻറാണ് ചർച്ച ചെയ്തത്. 23 അമെൻറുമെൻറുവരുത്തണമെങ്കിൽ 24-ന് അമെൻറുമെൻറു വരുത്താൻ പ്രയാസമില്ല. ഈ നിയമം നടപ്പാക്കാതിരിക്കാൻ ജൻമി കോടതിയിൽ പോയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തെന്നുവരും. എന്നാലും നമ്മളെല്ലാംകൂടി ശ്രീ. ടി. കെ കൃഷ്ണൻ: പറഞ്ഞതുപോലെ ആത്മാർത്ഥമായി നടപ്പാക്കണമെന്നു വിചാരിക്കുകയാണെങ്കിൽ നടപ്പിലാക്കാൻ സാധിക്കും. അമെൻറുമെൻറു വരുത്തേണ്ട സാഹചര്യമുണ്ടെങ്കിൽ അങ്ങനെ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ആര്യന്റെ ഭേദഗതി ഓർഡറിലല്ല. വേണമെങ്കിൽ അനുകൂലിച്ചു സംസാരിക്കാം.

ശ്രീ. എ. വി. ആര്യൻ: സർ, ഈ ബില്ല് നിയമസഭയിൽ കൊണ്ടുവന്ന അവസരത്തിൽ തന്നെ ഈ ബില്ലുതന്നെ തള്ളിക്കളയണമെന്നു വാദിച്ച കേരള കോൺഗ്രസ്സിന്റെ നേതാവായ ശ്രീ. കെ. എം. ജോർജ്ജ് ഈ ഭരണകക്ഷിയിലെ മന്ത്രിയായി തുടരുകയും അതുപോലെതന്നെ കുടികിടപ്പുകാർക്ക് ആനുകൂല്യം കൊടുത്തത് കുറച്ചധികമായിപ്പോയെന്നും ജൻമികളോട് സാമാന്യ മര്യാദ കാണിക്കണമെന്നും പറഞ്ഞ മുസ്ലീം ലീഗിലെ സ്നേഹിതൻമാരും ഭരണകക്ഷിയിൽ ഇന്നുണ്ട്. സർ, അതുപോലെ കേരളത്തിൽ ഭൂപരിഷ്കരണനിയമം വരുന്ന അവസരത്തിൽ തന്നെ കുടിയാൻമാർക്ക് പുറംപോക്കു

LIBRARY ARCHIVES Kerala Legislative Assembly

ഭൂമികൂടി കൊടുക്കണമെന്നു പറഞ്ഞ് സ്വന്തം ഭൂമിയിൽനിന്നൊഴിപ്പിച്ച് എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിനു പ്രകോഭനം സംഘടിപ്പിച്ച വലതു കമ്മ്യൂണിസ്റ്റു സ്നേഹിതൻമാരും ഭരണകക്ഷിയിലുള്ള ഈയവസരത്തിൽ.

ശ്രീ. ഇ. ജോൺജേക്കബ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മെമ്പർ ഓരോ കക്ഷിയെപ്പറ്റിയും യാതൊരടിസ്ഥാനവുമില്ലാതെ ഇത്തരം കാര്യങ്ങളും പറയുന്നത് ഓർഡറിലാണോ?

ശ്രീ. എ. വി. ആര്യൻ: ഞാൻ പറഞ്ഞത് ഇവിടെ നിയമസഭയുടെ റിക്കാർഡുകളിൽ ഉള്ളതാണ്. അത് ഇല്ലെന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറഞ്ഞുവന്നത് ഈ നാട്ടിൽ കഴിഞ്ഞ 1—ാം തീയതി പ്രസിഡൻറ് ഈ നിയമം നടപ്പിൽ വന്നു എന്ന് പ്രഖ്യാപിച്ചതിനുശേഷവും പാവപ്പെട്ട കുടികിടപ്പുകാർക്ക് അവന്റെ ഭൂമി കൈവശം കിട്ടാൻ, ഈ നിയമത്തിൽ വ്യവസ്ഥ ചെയ്ത ഭൂമിയിൽ തേങ്ങ ഇടുന്നതിനെപ്പോലും പോലീസിനെ ഉപയോഗിച്ച് തടയുന്നതുകൊണ്ട് ഈ നിയമത്തിന്റെ ആനുകൂല്യം കിട്ടുന്നതിനെ തടയുന്നതുകൊണ്ട് ഇതു കൂടി ചേർക്കണമെന്ന എന്റെ ഭേദഗതി കൊണ്ടുവന്നത്. അത് ഓർഡറിലല്ലാത്തതുകൊണ്ട് ഞാൻ അധികമൊന്നും പറയുന്നില്ല.

ശ്രീ. എം. കെ. കേളു: സർ, ഭൂപരിഷ്ക്കരണ നിയമം എന്നു പറയുന്നതിനു പകരം 'ഭൂപരിഷ്ക്കരണ ഭേദഗതിനിയമം' എന്നു ചേർക്കേണ്ടതാണെന്നു സമ്മതിച്ചതുകൊണ്ട് അക്കാര്യത്തോടുകൂടി ഒരു വാക്കുകൂടി പറയുകയാണ്. ഏതു നിയമം വന്നാലും, ഏതു കാര്യങ്ങളും വന്നാലും കമ്മ്യൂണിസ്റ്റുപാർട്ടി (മാർക്സിസ്റ്റു) എന്നുള്ള ഒരു പാർട്ടിയെ സംബന്ധിച്ച് പറയാൻ ഇല്ലെങ്കിൽ ഈ പ്രമേയം അവതരിപ്പിക്കുന്ന ആളിനായാലും മറ്റുള്ള ആളുകൾക്കായാലും യഥാർത്ഥമായ പോയിൻറിൽ എത്താൻ വിഷമമാണ്. ഭരണഘടനയും, നിയമവും പ്രമേയവും കൊണ്ടാണെങ്കിൽ നമ്മുടെ രാജ്യത്ത് ഇതിനകംതന്നെ സോഷ്യലിസം വന്നിട്ടുണ്ട്. കറാച്ചി പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് കോൺഗ്രസ് അധികാരത്തിൽ വന്നാൽ കൃഷിഭൂമി കൃഷിക്കാരനു കൊടുക്കും ഏറ്റവും ചുരുങ്ങിയ ശമ്പളം ഇത്രയായിരിക്കും എന്നെല്ലാമാണ്. പക്ഷേ കോൺഗ്രസ് അധികാരത്തിൽ വന്നിട്ട് 22 കൊല്ലം കഴിഞ്ഞതിനുശേഷവും ഇപ്പോഴും ഭരണഘടനയുടെ പിന്നാലെ നടക്കുകയാണ്. ഇപ്പോഴും ഈ നിയമം ഭരണഘടനയുടെ 9—ാം ഷെഡ്യൂളിൽ ചേർക്കണമെന്നാണ്. ഇതെല്ലാം നമുക്കറിയാവുന്ന കാര്യങ്ങളാണ്. ഭരണഘടനയുടെ അടിസ്ഥാനത്തിൽ 22 കൊല്ലം ഭരിച്ചിട്ടും ഇന്നും ഈ സംഗതി ഭരണഘടനയിലൂടെ നടക്കുകയില്ലെന്നു ബോധ്യമായതുകൊണ്ടാണ് ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഈ പ്രമേയം കൊണ്ടുവരാനിടയായിട്ടുള്ളത്. ഇന്നു മാർക്സിസ്റ്റുകാർ പറഞ്ഞിട്ടുള്ളത് സത്യസന്ധമാണെന്നു തെളിഞ്ഞിരിക്കുകയാണ്. മറ്റു ചില അവകാശങ്ങളും സ്ഥാപിക്കണമെങ്കിൽ സംഘടിതമായി പ്രവർത്തിക്കണമെന്നുള്ളത് തീർച്ചയാണ്. ഏതായാലും എന്റെ ഭേദഗതി സ്വീകരിച്ചതിൽ സന്തോഷമുണ്ട്.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: സർ, എന്റെ ഭേദഗതി ഭൂപരിഷ്ക്കരണ ഭേദഗതിബില്ലിനുവേണ്ടി ഇൻഡ്യൻഭരണഘടനയുടെ ഷെഡ്യൂളും 9 ഭേദഗതി ചെയ്യണമെന്നുള്ളതാണ്. 1953—ലെ മലബാർ കുടിയായ്മ നിയമം വന്നതിന്റെ അടിസ്ഥാനത്തിലും 1959—ലെ കാർഷികബന്ധ നിയമം വന്നതിന്റെ അടിസ്ഥാനത്തിലും ഇന്നും ഈ രാജ്യത്ത് വളരെയധികം കുടികിടപ്പുകാർ, കൈവശക്കൃഷിക്കാർ അവരുടെ അവകാശം തെളിയിക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

രേഖകൾ എല്ലാം തെളിയിച്ചു കഴിഞ്ഞാലും ഇന്നും അവർ ജയിലും മറ്റു കോടതി നടപടികളുമായി നടക്കുകയാണ്. ഈ പരിത:സ്ഥിതിയിൽ ഇന്നാണെങ്കിൽ ഒരു ചൂടിയും കുറിയും ഉണ്ടെങ്കിൽ നിയമം നടപ്പിലാക്കാം. പക്ഷേ പോലീസിനെക്കൊണ്ട് ഭീഷണിപ്പെടുത്തിയിട്ട്, സി. ആർ. പി. യെക്കൊണ്ട് ഭീഷണിപ്പെടുത്തിയിട്ട് അതിനെ തടസ്സപ്പെടുത്തുകയാണ്. ഇതിനുവേണ്ടി ഭരണഘടന ഭേദഗതി വേണ്ടിവന്നാലും അതു ചെയ്ത് ഈ നിയമം നടപ്പിലാക്കാൻ വേണ്ട സഹായം ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: സർ, ഞാൻ ഉദ്ദേശിച്ചിരുന്നത് ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടൊപ്പംതന്നെ ഈ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സമരം ചെയ്യുന്ന കേരളത്തിലെ കൃഷിക്കാരെയും കാർഷിക തൊഴിലാളികളെയും കുടികിടപ്പുകാരെയും അഭിവാദ്യം ചെയ്യണമെന്നായിരുന്നു. അതായിരുന്നു എന്റെ ഭേദഗതി. ഞാൻ ഇതു പറയാൻ കാരണം, തീർച്ചയായും നിയമം പാസ്സാക്കിയാലും അതു നടപ്പിലാക്കുന്നതിനുവേണ്ടി സമരം ചെയ്യാതെ സാധ്യമല്ലെന്നുള്ളത് നിരവധി നിരവധി നിയമങ്ങളുടെ അനുഭവം നമ്മുടെ നാട്ടിലുണ്ട്. ഇപ്പോഴത്തന്നെ കേരളാ ഭൂപരിഷ്ക്കരണ ഭേദഗതിനിയമം പാസ്സാക്കിക്കഴിഞ്ഞതിനുശേഷംപോലും സർ, കേരളത്തിലെ കർഷകസംഘടനകളും കാർഷികതൊഴിലാളി പ്രസ്ഥാനവും സംഘടിതമായി ചേർന്ന് ആലപ്പുഴ വച്ച് ഒരു സമ്മേളനം നടക്കുകയും ആ സമ്മേളനത്തിൽവച്ച് നിയമം പാസ്സാക്കിയാലും ഇല്ലെങ്കിലും തങ്ങൾ നടപ്പിലാക്കുമെന്ന് ഉജ്ജ്വലമായ ഒരു പ്രഖ്യാപനം ഇല്ലായിരുന്നുവെങ്കിൽ ഈ കാലഘട്ടത്തിനുള്ളിൽ ഈ ബില്ലിന് പ്രസിഡൻറിന്റെ അനുമതി കിട്ടുമായിരുന്നോ എന്നു ഞാൻ സംശയിക്കുകയാണ്. അതുമാത്രമല്ല പ്രസിഡൻറിന്റെ അനുമതി കിട്ടുകമാത്രമല്ല, പ്രഖ്യാപിക്കപ്പെട്ട ജാനുവരി 1—ാംതീയതി അതു നടപ്പിലാക്കാൻവേണ്ട തീരുമാനവും എടുക്കാൻ ഈ സർക്കാർ തയ്യാറാകുമായിരുന്നോ എന്നു ഞാൻ സംശയിക്കുകയാണ്. തീർച്ചയായും അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ സംഘടിത സമരങ്ങളിൽക്കൂടി മാത്രമേ ഈ നിയമം നടപ്പിലാക്കാൻ കഴിയൂ. ഒരൊറ്റ നിർദ്ദേശം കൂടി മുന്നോട്ടു വയ്ക്കുകയാണ്. ഈ നിയമം നടപ്പിലാക്കുന്നതിൽ കേരളത്തിലെ ഒരൊറ്റ രാഷ്ട്രീയപാർട്ടിയും എതിരില്ല. കോൺഗ്രസ്സോ, കേരളാ കോൺഗ്രസ്സോ, ഇൻഡിക്കേറ്റോ, സിൻഡിക്കേറ്റൊ എതിരില്ല. അവരോടെല്ലാം എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത് ഏതെങ്കിലും തരത്തിൽ ഈ നിയമത്തിനെതിരായി ഭൂ ഉടമസ്ഥൻമാർക്കനുകൂലമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരെ പാർട്ടിയിൽ നിന്നും പുറത്താക്കണം. അതിനു തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: ഞാൻ ഭേദഗതി കൊടുത്തപ്പോൾ ഉദ്ദേശിച്ചത് ഇതാണ്. ഇതുപോലൊരു പ്രമേയം പാസ്സാക്കുന്നതിനോട് ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. പക്ഷേ ഇതു പാസ്സാക്കുന്നതോടൊപ്പംതന്നെ ഇതിനാവശ്യമായ കുറച്ചു സമ്മർദ്ദംകൂടി ഈ സംസ്ഥാനത്തിലെ സംഘടിത ജനവിഭാഗം ഈ നിയമത്തിന്റെ വിവിധാനുകൂല്യങ്ങൾ ലഭിക്കാൻ ഇടയാകുന്ന കാർഷികതൊഴിലാളികൾ സംഘടിതമായി ചില പ്രവർത്തനങ്ങൾ സംഘടിപ്പിച്ചെങ്കിൽ മാത്രമേ ഇതു 3—ാം ഷെഡ്യൂളിൽ പെടുത്തുന്ന നടപടിയടക്കം ത്വരിതപ്പെടുത്താൻ കഴിയൂ എന്ന വിശ്വാസക്കാരനാണു ഞാൻ. അതിന് തീർച്ചയായും ഈ പ്രമേയം പാസ്സാക്കുന്നതോടൊപ്പം ഇതിന്റെ വികാരങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യം ചെയ്യണമെന്നാണ്. ഈ സംസ്ഥാനഗവൺമെൻറ് അല്ല ഏതു ഗവൺമെൻറ്—ഇതിനുമുൻപ് ഇവിടെ അധികാരത്തിലിരുന്ന ഇ. എം. എസ്. നേതൃത്വം കൊടുത്തിരുന്ന ഐക്യമുന്നണി ഗവൺമെൻറായിരുന്നാലും ഈ നിയമം നടപ്പിലാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി സംസ്ഥാനത്തു നടക്കുന്ന ഇതുപോലെയുള്ള നടപടികളും സ്വീകരിക്കേണ്ടിവരുമായിരുന്നു. ഒരുപക്ഷേ പോലീസിന്റെ കിരാതമായ മർദ്ദനം ഉണ്ടാകുമായിരുന്നില്ല, കാർഷികത്തൊഴിലാളികളുടെയും നാട്ടുകാരുടെയും നേരെ തീർച്ചയായും പോലീസിനെ തിരിച്ചുവിടുമായിരുന്നില്ല. എന്ന വ്യത്യാസമേയുള്ളു. ഏതു ഗവൺമെന്റായാലും ഒരു വലിയ സാമ്പത്തിക പരിവർത്തനം ഈ രാജ്യത്തുവരുമ്പോൾ ഇതെല്ലാം ചെയ്യേണ്ടിവരുമെന്നുള്ളതിനെസംബന്ധിച്ച് യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ സഭ കാർഷികത്തൊഴിലാളികളുടെയും കർഷകരുടെയും വികാരങ്ങളും മാനിച്ചുകൊണ്ട് അതിനാവശ്യമായ പ്രചോദനം കൊടുക്കാനുള്ള ഒരു തീരുമാനംകൂടി, ആവശ്യമായ അനുകൂലമായ നടപടി ഇനിയെങ്കിലും ചെയ്യണം. അതിനുകൂടി ഈ ഗവൺമെന്റ് ചിന്തിക്കണമെന്നഭ്യർത്ഥിക്കുകയും ഈ പ്രമേയത്തെ അനുകൂലിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. പി. രാഘവപൊതുവാൾ: കേരളാ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം എന്നാക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഇതു കോടതിയിൽ ചോദ്യം ചെയ്യാതിരിക്കാൻവേണ്ടി ഈ രൂപത്തിൽ ചെയ്യണം. നിയമം നടപ്പിലാക്കാൻ ഇതാവശ്യമാണ്. പക്ഷേ ഗവൺമെന്റു മാത്രം വിചാരിച്ചാൽ എല്ലാ നിയമങ്ങളും നടപ്പിലാക്കാൻ സാധിക്കുമെന്ന വ്യാമോഹം നമുക്കുണ്ടെങ്കിൽ അതു ശരിയല്ലെന്ന അഭിപ്രായത്തിലാണ് ഞാൻ നിൽക്കുന്നത്. കാരണം പ്രത്യേകിച്ചും ഈ രാജ്യത്തെ ജനങ്ങൾക്കാവശ്യമുള്ള നിയമങ്ങൾ ജനങ്ങളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുകയാണെങ്കിൽ ഏറ്റവും എളുപ്പം നടപ്പിലാക്കുവാൻ സാധിക്കും. ആ രീതിയിൽ നോക്കുകയാണെങ്കിൽ ഗവൺമെന്റുഭാഗത്തുനിന്നും അനുകൂലിക്കേണ്ടതാണ്. നേരെമറിച്ച് ഞാറയ്ക്കൽ എന്ന സ്ഥലത്ത് 37 കുടികിടപ്പുകാരെ അറസ്റ്റുചെയ്യുകയാണുണ്ടായത്, ജൻമിക്കുവേണ്ടി. പാവപ്പെട്ട കുടിയാൻമാർക്ക് സംരക്ഷണം ചെയ്യുന്നതിനുപകരം ഈ രൂപത്തിൽ ചെയ്യുന്ന ഗവൺമെന്റ് എവിടെയാണ് പോകുന്നതെന്നു ഞാൻ ചോദിക്കുകയാണ്. എന്റെ ഭേദഗതി അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ജൻമിമാരിൽ നിന്നും സംരക്ഷണം ലഭിക്കണം, ഭരണഘടനാപരമായ ആനുകൂല്യം ലഭിക്കണം, അതുകൊണ്ട് ഞാൻ ഇതിനെ അനുകൂലിക്കുകയാണ്. പക്ഷേ ഒറിജിനൽ ആക്ട് ഭരണഘടനയുടെ 9–ാംഷെഡ്യൂളിൽ പ്പന്നിരിക്കുന്ന സ്ഥിതിക്ക് ഭേദഗതിയും അതിൽ വരുമെന്ന അഭിപ്രായമാണെനിക്കുള്ളത്. എങ്കിലും 'അധികസ്യ അധികം ബലം' എന്നുള്ള നിലയിൽ ഞാൻ ഇതിനെ അനുകൂലിക്കുകയാണ്. ഈ രാജ്യത്തെ കർഷകനും, കാർഷികത്തൊഴിലാളിയും ചെറുകിടകൃഷിക്കാരും എല്ലാം അവർക്കു ലഭിച്ചിട്ടുള്ള ഇന്നത്തെ ആനുകൂല്യങ്ങളെസംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സർക്കാരിന്റെ പുറകിൽനിന്നുകൊണ്ട് ലഭിച്ചിട്ടുള്ളവയല്ല. നേരെമറിച്ച് സംഘടിതമായ സമരങ്ങൾ അവർ നടത്തിയിട്ടുള്ളതിന്റെ ഫലമായിട്ടാണ്, ആയിരക്കണക്കിനു കർഷകത്തൊഴിലാളികൾ മരിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണ് ഇന്നത്തെ ഭൂനിയമങ്ങൾ വന്നിട്ടുള്ളതെന്നുള്ളത് നമുക്കു മറച്ചുവയ്ക്കാൻ സാധ്യമല്ല. ഇനിയും ഇന്നിവിടെ വന്നിരിക്കുന്ന നിയമം നടപ്പിലാക്കണമെങ്കിൽ, യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് അതുകൊണ്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ നീണ്ടുനീണ്ട സമരങ്ങൾ കർഷകത്തൊഴിലാളികൾ നടത്തണം. ആ അർത്ഥത്തിൽ ഇത്തരം സമരങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ എനിക്കു ഒരു കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ഒരു ചോദ്യം. അങ്ങനെ സമരം നടത്തുന്ന തൊഴിലാളികളെ പോലീസിനെ അയച്ചു മർദ്ദിക്കുന്നതു നീതീകരിക്കുന്നുണ്ടോ?

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, എന്നെയും എന്റെ പാർട്ടിയെയും സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഈ രാജ്യത്തുള്ള കർഷകത്തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും സമരങ്ങൾക്കു നേതൃത്വം നൽകുകയും ഇന്നും അതു ചെയ്തുകൊണ്ടിരിക്കുകയുമാണ്. പക്ഷേ നിലവിലിരിക്കുന്ന നിയമങ്ങൾകൊണ്ട് സാധാരണ കർഷകനും, കർഷകത്തൊഴിലാളിക്കും, ഫാക്ടറിത്തൊഴിലാളിക്കും എല്ലാം ആനുകൂല്യം നൽകുന്നതിന് ആ നിയമങ്ങളിൽക്കൂടി അതിലുള്ള ആനുകൂല്യങ്ങൾ പിടിച്ചെടുക്കാനുള്ള സമരമാണ് ആദ്യം നടത്തേണ്ടത്; അതാണ് മാർക്സിസ്റ്റു സിദ്ധാന്തമെന്നു നിങ്ങൾ മനസ്സിലാക്കണം. ഇവിടെ ശ്രീമതി ഗൗരിയമ്മകൊണ്ടുവന്ന ഈ ഭേദഗതിനിയമത്തിലുള്ളത് മുഖ്യമായും എന്താണ്? കുഴിച്ചുവയ്പും കുടിയിരുപ്പുംകൂടി ഉൾപ്പെടുത്തണമെന്നാണ്. കുഴിച്ചുവയ്പും കുടിയിരുപ്പും കൂടി കൊണ്ടുവന്നിട്ട് സെലക്ടുകമ്മിറ്റി എതിർത്തില്ലേ? എന്നിട്ട് ആലപ്പുഴ കൂടിയിട്ട് എന്താണ് പ്രഖ്യാപിച്ചത്? കുറ്റിയടിപ്പും വളച്ചുകെട്ടും തേങ്ങായിടീലും ആണ്. അതുനിങ്ങൾക്ക് ആലപ്പുഴ വച്ചു പറയാമായിരുന്നുവെങ്കിൽ എന്തുകൊണ്ട് ശ്രീമതി ഗൗരിയമ്മയ്ക്ക് സെലക്ട് കമ്മിറ്റിയിൽ പറഞ്ഞുകൂടായിരുന്നു? കുറ്റിയടിപ്പും വളച്ചുകെട്ടലും തേങ്ങായിടീലുംകൂടി ഭേദഗതിനിയമത്തിൽ ഉൾപ്പെടുത്തണമെന്ന്, അതിനുള്ളവകുപ്പുകൂടി ചേർക്കണമെന്നു പറയാമായിരുന്നില്ലേ? ഞങ്ങൾ അതു അംഗീകരിക്കുമായിരുന്നു. അന്നു നിങ്ങൾ അംഗീകരിക്കാത്തത് പിന്നീട് ആലപ്പുഴ വച്ച് പ്രമേയം പാസ്സാക്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടിയോടു പറയുകയാണ്, ഇതു 9—ാം ഷെഡ്യൂളിൽ പെടുത്താൻ പറയുന്നതിനോടുകൂടി കുറ്റിയടിപ്പും വളച്ചുകെട്ടലും തേങ്ങയിടീലും കൂടി ചേർക്കാൻ പ്രസിഡൻറിനോട് ശുപാർശചെയ്യണമെന്ന്.

ശ്രീ. കെ.എം. മാണി: കാർഷികപരിഷ്ക്കരണ നിയമത്തെ സംബന്ധിച്ച് കേരള കോൺഗ്രസ് എടുത്ത നിലപാടിലേക്ക് അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് സ്നേഹിതൻമാർ അടുത്തുവന്നിരുക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ 17—ാമത്തെ ഭേദഗതി നിയമം, അന്ന് 1964—ലെ ഭൂപരിഷ്ക്കരണ നിയമം 9—ാ൪ ഷെഡ്യൂളിൽ ചേർത്തതിനുശേഷം അതിൽ ഏതെങ്കിലും വകുപ്പുകൾക്ക് ഭേദഗതിയുണ്ടായാൽ ഭേദഗതി ചെയ്യപ്പെടുന്ന വകുപ്പുകളെ കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ ഇടയാകുന്നതാണെന്ന് കേരളാ കോൺഗ്രസ് വാദിച്ചപ്പോൾ അങ്ങനെ ഉണ്ടാവുകയില്ല, ഭരണഘടനാപരമായ പരിരക്ഷ ഉണ്ടെന്ന് അന്നത്തെ റവന്യൂമന്ത്രി വാദിക്കുകയും, പല മെമ്പറൻമാരും വാദിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഇന്ന് ഈ പ്രമേയത്തെ മാർക്സിസ്റ്റ് പാർട്ടി പിന്താങ്ങുമ്പോൾ ഞാൻ വളരെ സന്തോഷിക്കുകയാണ്. കാരണം കാർഷികപരിഷ്ക്കരണ ഭേദഗതി നിയമത്തെ സംബന്ധിച്ചിടത്തോളം അതിലെ വകുപ്പുകൾ കോടതിയിൽ ചോദ്യം ചെയ്യാതിരിക്കണമെങ്കിൽ 9—ാം ഷെഡ്യൂളിലേക്ക് അതു പ്രവേശിപ്പിക്കേണ്ടതായിരിക്കുകയാണ്. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ ഭരണഘടനയുടെ പ്രിയാമ്പിളിൽ സാമ്പത്തികവും സാമൂഹ്യവുമായ നീതിപുലർത്തണമെന്നു പ്രതിപാദിച്ചിട്ടുള്ള 39—ാം ആർട്ടിക്കിളിൽ പറയുന്നത് സമ്പത്തിന്റെ കേന്ദ്രീകരണവും ഉൽപ്പാദന മാർഗ്ഗങ്ങളുടെ കേന്ദ്രീകരണവും തടയണമെന്നാണ്. മൂന്നാം അദ്ധ്യായത്തിൽ പറയുന്ന മൗലികാവകാശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് സ്വകാര്യസ്വത്തിന്റെ അവകാശവും നിയന്ത്രണവും പ്രതിപാദിക്കുന്ന 31—ാം

ആർട്ടിക്കിളിന് പ്രാധാന്യം നൽകിക്കൊണ്ട് ഉള്ള മാർഗ്ഗ നിർദ്ദേശ തത്വങ്ങൾ നമ്മുടെ കോടതികളും കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറുകളും എല്ലാം പരിഗണിക്കുകയുണ്ടായി. അതിൻെറ ഫലമായിട്ടാണ് മൗലികാവകാശങ്ങളുടെ വ്യാഖ്യാനത്തിൽ പല കോടതികളെ സംബന്ധിച്ചിടത്തോളം പല നിയമങ്ങളും അസാധുവാക്കി പ്രഖ്യാപിച്ചത്. അതിൽ നിന്നു രക്ഷ നേടുന്നതിനു വേണ്ടിയാണ് 9—ാം ഷെഡ്യൂളിൽ പലപല കാർഷിക പരിഷ്ക്കരണ നിയമങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത്. ഏതായാലും 1964—ലെ 17—ാമതു ഭേദഗതി നിയമം പരിരക്ഷയ്ക്കുവേണ്ടി ഉൾപ്പെടുത്തിയിരുന്നത് ഈ നിയമം കൊണ്ട് ഭേദഗതി ചെയ്യപ്പെട്ടുവെങ്കിലും ഇനിയും ഇത് നിലനിൽക്കാൻ വേണ്ടി, ആരും ചോദ്യം ചെയ്യപ്പെടാതിരിക്കാൻ വേണ്ടി, ഈ നിയമം നടപ്പിലാക്കാൻവേണ്ടി ഈ നിയമസഭ ഏകകണ്ഠമായി ഈ പ്രമേയം പാസാക്കി ഭരണഘടനയിൽ ഒരു പുതിയ ഭേദഗതി വരുത്താൻ കേന്ദ്രഗവൺമെൻറിനോട് അപേക്ഷിക്കണമെന്നു മാത്രമാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഉടൻതന്നെ അവസാനിപ്പിക്കാം. ഒരു സംശയം ഒറവാക്കിൽ പ്രകടിപ്പിക്കാനാഗ്രഹിക്കുന്നു. ഈ പ്രമേയത്തിൻെറ അന്തസത്തയോടു ഞാൻ യോജിക്കുകയാണ്. എന്നാൽ ഗോരക്നാഥ് കേസിൻെറ അടിസ്ഥാനത്തിൽ ഉള്ള സുപ്രീം കോടതി വിധിയിൽ ഒരു കാര്യം പറഞ്ഞിട്ടുള്ളത് 9—ാം ഷെഡ്യൂളിൻെറ ഭേദഗതിയാണെങ്കിലും 9—ാം ഷെഡ്യൂളിൽ ഭേദഗതി വരുത്തിക്കൊണ്ട് മൗലികാവകാശങ്ങളെ സംബന്ധിച്ചിടത്തോളം സംരക്ഷണം ആവശ്യമാണ് എന്നാണ്. ആ നിലയിൽ ഇതു രണ്ടും കോ—റിലേറഡ് ആണ്. ആനിലയ്ക്ക് ഈ നിയമം പാസാക്കിയാൽ കേന്ദ്രഗവൺമെൻറിന് ഇനി 9—ാം ഷെഡ്യൂളിൽ ഭേദഗതി വരുത്താൻ സാധിക്കുമോ എന്നുള്ളത് ഒരു നിയമപ്രശ്നമാണ്. അതെന്തുമാകട്ടെ. ഈ നിയമസഭ ഏകകണ്ഠമായി ഈ പ്രമേയം പാസാക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ കേരള കോൺഗ്രസ് മുൻപന്തിയിൽ നിൽക്കുകയാണ്. കേരളകോൺഗ്രസിൻെറ ആശയത്തോടുകൂടി ഈ നിയമസഭ യോജിച്ചുകാണുന്നതിൽ എനിക്കു വളരെയധികം സന്തോഷമുണ്ട്.

റവന്യൂ മന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): സർ, ഞാൻ ഈ പ്രമേയത്തെ സ്വാഗതം ചെയ്യുകയാണ്. ഇവിടെ ഇന്നു നിലവിലുള്ള നിയമം അനുസരിച്ചു തന്നെ ഈ ഭേദഗതി നിയമം പ്രാബല്യത്തിലാണ്. 9—ാം ഷെഡ്യൂളിൽ പെടുത്തിയിരിക്കുന്ന നിയമത്തിന് ഭേദഗതി നിയമവും ബാധകമാണ്. അതുകൊണ്ട് ഈ നിയമത്തെ ചോദ്യം ചെയ്യപ്പെടാൻ സാധ്യമല്ലെന്ന ഉറച്ച വിശ്വാസം ആണ് ഈ ഗവൺമെൻറിനുള്ളത്. ഗവൺമെൻറും ഗവൺമെൻറിൻെറ ലാ ഡിപ്പാർട്ടുമെൻറും എല്ലാം ആ വഴിക്കുതന്നെയാണ് ഇതിനെ സംബന്ധിച്ച് പ്രശ്നമിച്ചുകൊണ്ടിരിക്കുന്നത്. എങ്കിലും 9—ാമത്തെ ഷെഡ്യൂളിൽ ഈ ഭേദഗതി നിയമം പെടുത്തണമെന്നുള്ളത് കൂടുതൽ സംരക്ഷണത്തിനുവേണ്ടിയുള്ള ഒരു മാർഗ്ഗമെന്നുള്ള നിലയിൽ തീർച്ചയായും അതിനുവേണ്ടി പ്രശ്നമിക്കുന്നതാണ്. അതിനുവേണ്ടി ഇപ്പോഴത്തന്നെ ഗവൺമെൻറ്, ഇൻഡ്യൻ പ്രധാനമന്ത്രിയേയും അതുപോലെതന്നെ ഇൻഡ്യാഗവൺമെൻറിനെ പൊതുവായും എല്ലാം അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിനാവശ്യമായ നടപടികളെല്ലാം എടുക്കുകയും ചെയ്തുന്നുണ്ട്. എന്തുകൊണ്ടാണ് ഇന്നത്തെ ഈ ഷെഡ്യൂൾ നിലനിൽക്കുന്നതാണെന്നു പറയാൻ കാരണം? എന്തുകൊണ്ടാണ് ഗവൺമെൻറ് തറപ്പിച്ചു പറയുന്നതെന്ന് ചോദിച്ചാൽ 1964—ലെ 17—ാമത്തെ ഭരണഘടനാഭേദഗതിയോടുകൂടി ഇൻഡ്യയിൽ ഉള്ള സർവ്വ ഭൂമിയും —അഗ്രിക്കൾച്ചറൽ ലാൻഡ് മുഴുവനും—കേരളത്തിലുള്ളത് പ്രത്യേകിച്ച് ഈ എസ്റേറ്റിൻെറ പരിധിയിൽ വരുന്നുണ്ടെന്നുള്ളതുകൊണ്ട് തികച്ചും നിയമപരമായ സാധുത ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ലാൻഡ് മുഴുവൻ 17—ാം ഭരണഘടനാ ഭേദഗതി മൂലം എസ്റേറ്റിൻെറ നിർവ്വചനത്തിൽ പെട്ടിരിക്കുന്നിടത്തോളം കാലം അതിനെ ചോദ്യം ചെയ്യപ്പെടാൻ ഒരു കോർട്ടിനും സാധ്യമല്ല എന്ന് ഞാൻ തറപ്പിച്ചു പറയുകയാണ്. എസ്റേറ്റിൻെറ സ്കോപ്പ്

LIBRARY ARCHIVES Kerala Legislative Assembly

വൈഡൻ ചെയ്തിരിക്കുന്നതുകൊണ്ട് അക്കാര്യത്തിൽ സംശയമില്ല. 1961—ലെ അഗ്രേറിയൻ റിഫോംസ് ആക്ടുസംബന്ധിച്ച് ഒരു കേസുണ്ടായിരുന്നു. സുപ്രസിദ്ധമായ ആ കേസ്—തൃശൂർ കേസ്—ഒരു നമ്പൂതിരി കൊണ്ടുവന്നകേസാണ്. ആ കേസിനെ സംബന്ധിച്ചിടത്തോളം അന്ന് സുപ്രീം കോടതി എന്താണ് പറഞ്ഞത്. ഈ 9—ാം ഷെഡ്യൂൾ ഇല്ലായിരുന്ന 61—ൽ പോലും കോടതി പറഞ്ഞതു ഇതിനു പ്രൊട്ടക്ഷനുണ്ടെന്നാണ്; എസ്റേറ്റ് ആണെന്നു പറഞ്ഞു. അന്നുതന്നെ കാസർകോട് കേസിനെ സംബന്ധിച്ചിടത്തോളം എസ്റേറ്റിന്റെ പരിധിയിൽ വരുന്നില്ലെന്നൊക്കെ പറഞ്ഞ പ്രശ്നം വേറെ. റയിട്ടുവാരി എന്നു പറഞ്ഞുതള്ളി. എന്നാൽ ഇന്ന് അതിന് എല്ലാ വിധ സംരക്ഷണവും ഉണ്ട്. ഇതു നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് മുന്നോട്ടുതന്നെ പോകും. പിന്നെ 9—ാം ഷെഡ്യൂളിൽ കൂടി ഇത് ഉൾപ്പെടുത്തണമെന്നു പറയുന്നതിനും ചില കാരണങ്ങളുണ്ട്. ഞാൻ ഒരു ഭരണഘടനാ വിദഗ്ദ്ധനൊന്നുമല്ല, ലാ ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയ ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഞാൻ ഇതു പറയുന്നത്. ഭരണഘടനയുടെ 25—ം 26—ം വകുപ്പുകളിൽ പറയുന്നതായ മതസ്ഥാപനങ്ങളേയും അതുപോലുള്ള റിലിജിയസ് ഇൻസ്റിറ്റിറ്റ്യൂഷനേയും ഈ നിയമം ബാധിക്കുമോയെന്ന ഒരു സംശയം ചിലർ പ്രകടിപ്പിച്ചിട്ടുണ്ട്. അവയ്ക്ക് കൂടി ഈ നിയമം ബാധകമാകുമെന്നുള്ള ഒരു മുറവിളി അവരുടെ ഭാഗത്തുനിന്നും വരുന്നുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയാനുള്ളത്, വാസ്തവത്തിൽ ഇവർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. സാധാരണ റിലിജിയസ് ഇൻസ്റിറ്റിറ്റ്യൂഷന് ഈ നിയമത്തിൽ പറയുന്ന പരിധി ബാധകമല്ല. പിന്നെ എന്താണ് ബാധകമായിട്ടുള്ളതെന്നു വച്ചാൽ അവരുടെ കുടിയാനെ സംബന്ധിച്ചിടത്തോളം മറ്റു കുടിയാൻമാർക്കുള്ള ആനുകൂല്യം കൊടുത്തിട്ടുണ്ട്. രണ്ടുകൂടിയാൻമാരും ഒന്നുപോലെയാണ്. അതുകൊണ്ട് ദേവസ്വം ബോർഡിന്റെ പ്രസിഡൻറും മറ്റ് റിലീജിയസ് ഇൻസ്റിറ്റിറ്റ്യൂഷന്റെ ആളുകളും ഒക്കെ ഉന്നയിക്കുന്ന പരാതിക്ക് വാസ്തവത്തിൽ യാതൊരു അടിസ്ഥാനവുമില്ല. ഈ ഫണ്ടമെൻറൽ റൈറ്റിന്റെ പേരിൽ റിലീജിയസ് ഇൻസ്റിറ്റിറ്റ്യൂഷൻസിനെല്ലാം ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്നതായ ആനുകൂല്യങ്ങളും അതേപടി തുടർന്നുപോകണമെന്ന അഭിപ്രായത്തോട് ഗവൺമെൻറ് യോജിക്കുന്നില്ല. അപ്പോഴും ആ നിലയ്ക്ക് ഇന്നത്തെ നിയമത്തിന് എന്തെങ്കിലും പ്രൊട്ടക്ഷൻ വേണ്ടിവരുമെന്നുണ്ടെങ്കിൽ ഇങ്ങനെ ഒരു ഭേദഗതികൂടെ ഇരിക്കട്ടെ എന്നു വിചാരിക്കുകയാണ്. ആ നിലയ്ക്ക് ഇതു സ്വീകരിച്ചുകൊള്ളുന്നു.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുന്നതിൽ ഞാൻ ഇടപെടുന്നില്ല. ഈ കമ്മിറ്റിയിലെ ഒരു മെമ്പർ എന്ന നിലയിൽ ഞാൻ പറയുകയാണു സർ. ഈ റസല്യൂഷനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞു. 40 മിനിട്ടാണ് ഇതിനുവേണ്ടി നീക്കിവച്ചിരുന്നത്. അടുത്തപ്രമേയത്തിന് 60 മിനിട്ടാണ് ഉള്ളതു്. ഇനി നാൽപ്പത്തിരണ്ടുമിനിട്ടു സമയം മാത്രമേയുള്ളു. അതുകൊണ്ട് ഇതിന്റെ ചർച്ച ഈ നിലയിൽ നീട്ടിക്കൊണ്ടുപോകുന്നത് ശരിയാണോ?

പാനൽ ഓഫ് ചെയർമാൻ: അങ്ങനെ നീട്ടിക്കൊണ്ടുപോവുകയില്ല. ഉടനെ തന്നെ അവസാനിപ്പിക്കുന്നതാണ്—

ശ്രീ. കെ. ടി. ജേക്കബ്: ഏതായാലും ഇവിടെ ബഹുമാനപ്പെട്ട മെമ്പറൻമാർ ഉന്നയിച്ച സംശയത്തിനൊന്നും അടിസ്ഥാനമില്ല. ഈ ബില്ലും അതിന്റെ ഇംപ്ലിമെന്റേഷനും ഇന്നത്തെ ഗവൺമെൻറിന്റെ കൈയിൽ സുരക്ഷിതമാണ്. ഈ ബില്ല് നടപ്പാക്കുന്ന കാര്യത്തിൽ വിപുലമായ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും കഴിയുന്നത്ര വേഗത്തിൽ തന്നെ നടപ്പാക്കാനുള്ള മാർഗ്ഗങ്ങളും അവലംബിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ഈ സഭയെ അറിയിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ആഗ്രഹിക്കുകയാണ്. വേണ്ടിവന്നാൽ ഇന്നത്തേക്കാൾ കൂടുതൽ ട്രിബ്യൂണലുകളെ വയ്ക്കാനും ഗവൺമെൻറ് തയ്യാറാണ്. ഈ ബില്ല് നടപ്പാക്കുന്നതിന് ഒരു എട്ടോ പത്തോ കോടി രൂപ ആവശ്യമായി വന്നാലും അതു ചെലവഴിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറും തമ്മിൽ കൂടിയാലോചിച്ച് ചില നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അങ്ങനെ ഈ നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ജനകീയ മുന്നേറ്റം, ഈ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു വമ്പിച്ച മുന്നേറ്റം, ഒരു ഇംപ്ലിമെൻറേഷൻ സമരം ഈ രാജ്യത്ത് നടക്കാൻ പോവുകയാണ്. അതുകൊണ്ട് ഈ ബില്ല് ശ്രീമതി ഗൗരിയുടേയും ശ്രീമാൻ ഇ. എം. എസ്. ന്റെയും ഗവൺമെൻറിൽ സുരക്ഷിതമായിരുന്നതിനേക്കാൾ സുരക്ഷിതമാണ് ഈ ഗവൺമെൻറിന്റെ കൈയിൽ. ഈ നിയമത്തിൽ നിന്ന് അണുമാത്രം പോലും വ്യത്യാസം വരുത്താതെ ഇതിലെ എല്ലാ വകുപ്പുകളും യഥാവിധി നടപ്പാക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നതെന്നുള്ള വസ്തുത വ്യക്തമാക്കിക്കൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Chairman: Mr. Devassy Kutty, do you accept any amendment?

Devassy Kutty: I accept the amendment moved by Shri. K. Moideenkut y Haji.

The amendment was put and carried.

Chairman: T. K. Krishnan, Do you pre s your amendment?

T. K. Krishnan: I press the amendment.

The amendment was put and lost.

The amendment moved by Shri. R. Krishnan (Alathur) was by leave withdrawn.

Chairman: Shri. M. K. Divakaran, Do you press your amendment?

Shri M. K. Divakaran: I press the amendment.

The amendment was put and lost.

Chairman: Shri. G. Gopinathan Pillai, Do you press the amendment?

Shri. G. Gopinathan Pillai: I don't pre s.

The amendment was by leave withdrawn.

The resolution as amended was put and adopted.

(ii) Withdrawal of the C. R. P.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, ഞാൻ ഈ പ്രമേയം അവതരിപ്പിക്കുകയാണ്.

''കേരളത്തിൽ പലഭാഗങ്ങളിലും ജനങ്ങളുടെ സമരങ്ങളിൽ കേന്ദ്രറിസർവ്വ് പോലീസിനെ ഇടപെടുത്തിയ ഗവൺമെൻറു നടപടിയെ ഈ സഭ ശക്തിയായി ആക്ഷേപിക്കുകയും സി. ആർ. പി. യെ മുൻ മന്ത്രിയുടെ കാലത്തു ചെയ്തിരുന്നതുപോലെ കേരളത്തിലിടപെടുവിക്കാതെ ക്യാമ്പുകളിൽ മാത്രം ഒതുക്കി നിറുത്തണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു''

സർ, സി. ആർ. പി. യെ സംബന്ധിച്ചിടത്തോളം സംസാരിക്കുമ്പോൾ ആ പോലീസ് ഫോഴ്സ് വളരെ സ്റ്റേറ്റുകളിൽ പോയിട്ടുണ്ടെങ്കിലും ആ സ്റ്റേറ്റുകളിലെല്ലാംതന്നെ ഇതിനെ ഉപയോഗിക്കാൻ പാടില്ലെന്ന ശബ്ദം

LIBRARY ARCHIVES Kerala Legislative Assembly

മുഴങ്ങിക്കേൾക്കുകയാണ്. അതിനു കാരണമുണ്ട്. ഇത് സ്ട്രൈക്കിംഗ് ഫോഴ്സാണ്. അടിച്ചമർത്താൻവേണ്ടി മാത്രം ഉപയോഗിക്കുന്ന ശക്തിയാണ്. ആ ശക്തിയെ കൊണ്ടുവന്ന് യാതൊരു നിയന്ത്രണവുമില്ലാതെ വിട്ടേച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ വളരെ ഭയങ്കരമായിരുക്കുമെന്ന് അറിയാൻ കഴിഞ്ഞ പഞ്ചാബിലെ മുഖ്യമന്ത്രി അതിനെ അവിടെ ഉപയോഗിക്കാൻ അറിയിച്ചില്ല. അതുപോലെതന്നെ ഇതിനുമുൻമ്പ് 31 മാസം കേരളം ഭരിച്ച ഗവൺമ്മെൻറുതന്നെ ഈ ഫോഴ്സിനെ ഇവിടെ ഉപയോഗിച്ചില്ല. കേന്ദ്രഗവൺമ്മെൻറു ജീവനക്കാർ സമരം ചെയ്ത അവസരത്തിൽ ഇവിടെ ഉപയോഗിക്കാൻവേണ്ടി കേന്ദ്രഗവൺമ്മെൻറ് അയച്ച ഈ പോലീസിനെ ഇവിടെ ഉപയോഗിക്കാതെ ലാത്തിയും തോക്കും കക്ഷത്തു വയ്ക്കാൻ അന്നത്തെ കേരളാഗവൺമ്മെൻറിനെ ഇൻഡ്യ രാജ്യം മുഴുവൻ പുകഴ്ത്തിയതാണ്. എന്നാൽ ഇന്നത്തെ മന്ത്രിസഭ ആ തീരുമാനത്തിൽനിന്നും മാറിക്കൊണ്ട് ഈ ഫോഴ്സിനെ കണ്ടമാനം വരുത്തുകയും അവരെ കയറൂരി വിടുകയും ചെയ്തുകൊണ്ട് നാട്ടിലാകമാനം മർദ്ദനം നടത്തിക്കുകയാണ്. സാധാരണനിലയിലുള്ള മർദ്ദനങ്ങളല്ല നടത്തുന്നത്. നീണ്ടകാലമായി ഈ രാജ്യത്തെ അധ്വാനിക്കുന്ന തൊഴിലാളികളും കർഷകത്തൊഴിലാളികളും തൊഴിലിനും കൂലിക്കും ബോണസിനുംവേണ്ടി സമരം ചെയ്തുവരികയാണ്. ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ സമരം മുന്നോട്ടുകൊണ്ടുപോകാൻ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് രംഗത്തുവരുമ്പോൾ അടിച്ചമർത്തുകയെന്നുള്ളതിൽ മുൻകാലത്തെ ഗവൺമ്മെൻറുകളെക്കാൾ വ്യത്യസ്തത സമ്പാദിച്ച ഒരു ഗവൺമ്മെൻറാണ് ഇപ്പോൾ ഇവിടെ നിലവിലിരിക്കുന്നത് എന്നുപറയാൻ ഞാനാഗ്രഹിക്കുന്നു. സർ, സി. ആർ. പി. ക്കാർ ഈ രാജ്യത്തുനടത്തിയ ക്രൂരമായ മർദ്ദനങ്ങളുടെ ഒരു നീണ്ടപട്ടിക എൻെറ കൈവശമുണ്ട്. അതു മുഴുവൻ പറയുകയാണെങ്കിൽ ഒരു ദിവസം വേണ്ടിവരും. ഒരൊറ്റ ദിവസം മുഴുവൻ വായിച്ചാലും തീരാത്ത നീണ്ട പട്ടിക എൻെറ കൈവശമുണ്ട്. ഈ രാജ്യത്തെ ഉത്തരവാദപ്പെട്ട ആളുകളെല്ലാം ഇതു പഠിച്ചുകൊണ്ട് അതനുസരിച്ചു പ്രവർത്തിക്കുകയാണ്. അതു മുഴുവൻ ഇവിടെ വായിക്കാൻ സമയം അനുകൂലിക്കുന്നില്ല. നമ്മുടെ രാജ്യത്തെ ഉന്നതനായ ഒരു നേതാവും പാർലമെൻറിൽ പഴക്കം ചെന്ന ഒരു നേതാവുമായ സഖാവ് എ. കെ. ഗോപാലൻ ഇൻഡ്യൻ യൂണിയൻ പ്രസിഡൻറിന് 18-1-70ലും 21-1-70-ലും അയച്ച കത്ത്, ഇല്ലസ്ട്രേറ്റുചെയ്ത കത്ത് ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുന്നില്ല. സഭയിലെ അംഗങ്ങളുടെ അറിവിനുവേണ്ടി അങ്ങയുടെ അനുവാദത്തോടുകൂടി അതു മേശപ്പുറത്തുവയ്ക്കാൻ ഞാനാഗ്രഹിക്കുന്നു. അതുപോലെതന്നെ വലതൻ മുഖ്യൻ ശ്രീമാൻ അച്യുതമേനോൻെറ 35 ദിവസത്തെ നേട്ടങ്ങളുടെ നീണ്ട പട്ടിക ശ്രീമാൻ സി. കെ. സോമൻ ഒരു ലഘുലേഖയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വളരെയധികം വസ്തുതകളുള്ള ആ ലഘുലേഖയും നമ്മുടെ മെമ്പറൻമാർ വായിച്ചുനോക്കേണ്ടത് ആവശ്യമായതുകൊണ്ട് ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തു വയ്ക്കുകയാണ്.

സർ, അതിനുപുറമേ ഞാൻ നേരിട്ട് ചിലകാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനാഗ്രഹിക്കുകയാണ്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾ പണിയിടങ്ങളിൽ പണിയെടുക്കുന്നതിന്, വിത്തിടുന്നതിന്, വളമിടുന്നതിന് ചെന്നപ്പോൾ അവർക്കു ജോലി കൊടുക്കാതെ കരിങ്കാലികളെ കൊണ്ടുവന്നു ജോലിചെയ്യിപ്പിച്ച തർക്കത്തിൽ ഈ സി. ആർ. പി. യെ ഉപയോഗിച്ചില്ലേ? പ്രിമിയർ ട്യയേഴ്സിലെ തൊഴിലാളികൾ ബോണസ് വേണമെന്നു പറഞ്ഞപ്പോൾ യാതൊരു ദാക്ഷിണ്യവുംകൂടാതെ അവരെ അടിച്ചമർത്തിയില്ലേ? ഭരണഘടനയിൽ മാറ്റംവരുത്തണമെന്നും കോടതിനിയമങ്ങളിൽ ചിലതെല്ലാം മാറ്റം വരുത്തണമെന്നും പറഞ്ഞ് പുതിയ ഒരു ആശയത്തിൻെറ ദീപംകൊളുത്തിക്കൊണ്ട് മുന്നോട്ടുപോയ വിദ്യാർത്ഥികളുടെ എല്ല് അടിച്ച് ഒടിച്ചില്ലേ? പോലീസിന് ഞാൻ കർശനമായ കല്പന കൊടുത്തിരിക്കുന്ന എന്ന് ഖുറാനി

LIBRARY ARCHIVES Kerala Legislative Assembly

ലേയും ബൈബിളിലേയും വാചകങ്ങൾ ഉദ്ധരിച്ചുകൊണ്ട് സംസാരിക്കുകയും മറുവശത്ത് പോലീസിനെ കയറൂരിവിടുകയും ചെയ്യുന്നതിന്റെ ഫലമായി എന്താണ് നടക്കുന്നതെന്ന് അദ്ദേഹത്തിനുതന്നെ അറിയാം.

സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ അങ്ങയുടെ മൂക്കിനു താഴെ നടന്ന സംഭവം അങ്ങയെ വേദനിപ്പിച്ചുവെന്ന് എനിക്കറിയാം. ഞാനും അവിടെ പോയിരുന്നു. തിരൂരിൽ നമ്മുടെ അഭ്യന്തര കാര്യമന്ത്രിയുടെ പത്രാധിപത്യത്തിൽ നടന്ന ചന്ദ്രികപത്രത്തിൽ 16–12–1969–ൽ വന്ന തലക്കെട്ട് ഇതാണ്. ''തിരൂർ അക്രമണത്തിൽ പരിക്കേറ്റവരെ മന്ത്രി നഹ സന്ദർശിച്ചു'' അതിന്റെ മുഴുവൻ ഭാഗവും വായിച്ച് സമയം കളയുന്നില്ല. പ്രധാനഭാഗം മാത്രം വായിക്കാം. ഇന്നലെ രാത്രി തിരൂരിലെത്തിയ സെൻട്രൽ റിസർവ്വു പോലീസും സായുധറിസർവ്വുപോലീസും നിയന്ത്രണംവിട്ടനിലയിൽ കണ്ടവരെയെല്ലാം തല്ലിയതിനെത്തുടർന്നു ഒട്ടനവധിപേർക്ക് പരുക്കേറ്റിരിക്കുന്നു. അതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട 12 പേരെയും മന്ത്രി സന്ദർശിച്ചു'' പരുക്കേറ്റവരായി അവിടെ ഉണ്ടായിരുന്നത് 12 പേർ മാത്രമായിരുന്നില്ല. അദ്ദേഹം കണ്ടത് മുസ്ലീം വിഭാഗത്തെ മാത്രമാണ്.

ശ്രീ. കെ. അവുക്കാദർക്കുട്ടി നഹ ഹാജി: അതു തെറ്റാണ്, മറ്റുള്ളവരേയും കണ്ടു.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഞാൻ അവിടെ പോയിരുന്നു. ഞാൻ ജനസംഘക്കാരെയും കണ്ടു. മുസ്ലീംലീഗോ ജനസംഘമോ കമ്മ്യൂണിസ്റ്റോ മാർക്സിസ്റ്റോ ആകട്ടെ അവരെയെല്ലാം ഞാൻ കണ്ടു. മനുഷ്യനെ കശാപ്പുചെയ്യുന്ന ഈ പൈശാചികശക്തിയെ കയറൂരിവിട്ടാൽ

ശ്രീ. പി. പി. ചെറുകോയതങ്ങൾ: അവിടെ.....

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: മിണ്ടാതിരിക്ക്. അവർക്കും സമയമുണ്ട്. ഈ അടികൊണ്ടവർക്കും അമ്മമാരുണ്ട്. കോയക്ക് ഭാര്യയുണ്ട്. കോയക്കും കുട്ടികളുണ്ട്. അവർക്കും കുട്ടികളുണ്ട്. നിങ്ങൾ അടിച്ച് ഒതുക്കിയവർക്കും കുട്ടികളുണ്ട്. പൊന്നാനിയിൽ സി. ആർ. പി.-ക്കാർ ചെയ്തത് എന്തൊക്കെയാണ്. പൊന്നാനിക്കാർ പാവങ്ങളാണ്. സി. ആർ. പി. ക്കാർ വന്നതിനു ശേഷം അവിടത്തുകാർക്ക് കടയിൽ പോയി സാധനങ്ങൾ വാങ്ങിക്കാൻ കഴിയാതിരുന്നതുകൊണ്ട് അടുത്ത വീടുകളിൽപോയി ഉപ്പും മുളകും പഞ്ചാസാരയുമൊക്കെ കടംവാങ്ങിക്കേണ്ടിവന്നു. അത്രയ്ക്ക് ഭയന്നാണ് അവിടത്തുകാർ കഴിഞ്ഞത്.

(നിരവധി അംഗങ്ങൾ എഴുന്നേറ്റു നിന്ന് എന്തോ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു).

നിങ്ങളെ വിടുകയില്ല. അത്രയ്ക്ക് ഭീകരമായ പ്രവർത്തനമാണ് അവിടെ നടന്നത്.

ശ്രീ. ബേബിജോൺ: സർ, ഒരു പോയിന്റ് ആഫ് ആർഡർ. ബഹുമാനപ്പെട്ട മെമ്പറൻമാർ എഴുന്നേറ്റുനിന്ന് എന്തെങ്കിലും അഭിപ്രായങ്ങൾ പറഞ്ഞാൽ സ്പീക്കർ നിയന്ത്രിക്കുന്നതിനുപകരം മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ ''ഇരിക്ക് അവിടെ എന്നു പറയുകയും'' നിങ്ങളെവിടുകയില്ല ''എന്നു പറയുകയും ചെയ്യുന്നതു ശരിയാണോ? ചർച്ച അസുഖകരമായിപോകരുത് എന്നുകരുതിയാണ് ഇതു പറയുന്നത്. ഇങ്ങനെയുള്ള സമീപനം നിറുത്താൻ ഗുണദോഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ബഹുമാനപ്പെട്ട ബേബിജോൺ പറഞ്ഞതിൽതന്നെ സ്പീക്കർക്കു അപമാനകരമായ ഒന്നുണ്ട്. "സ്പീക്കർ നിയന്ത്രിക്കാത്തതു മൂലം".....

ചെയർമാൻ: ഒന്നുമില്ല, ഒന്നുമില്ല.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: എന്നിട്ട് ആ പാവങ്ങൾ എന്താണ് സംഭവിക്കുകയെന്ന് പേടിച്ച് ഉപ്പും മുളകുമൊക്കെ അടുത്തവീടുകളിൽപോയി വാങ്ങിക്കുയാണ് ചെയ്യുന്നത്. സി. ആർ. പി-യെ കൊണ്ട് പാവങ്ങളെ ഭീഷണിപ്പെടുത്തി ഭരിക്കാമെന്നാണ് വിചാരിക്കുന്നതെങ്കിൽ അതു നടക്കാൻ പോകുന്നില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. വിദ്യാർത്ഥികളെ സി. ആർ. പി-ക്കാർ ഭീഷണിപ്പെടുത്തിയത് എങ്ങനെയാണെന്നറിയാമോ. അവർക്ക് ഹിന്ദിഅറിഞ്ഞുകൂടെങ്കിലും കുറേയെല്ലാം മനസ്സിലാകും. വാ കയ്യിലുണ്ട്; ചുട്ടുകളയും; എന്നാണ് അവർ പറഞ്ഞത്. ഈ രീതിയിൽ അവർ ഭാവിജനറേഷനെ ഭീഷണിപ്പെടുത്തി തെറ്റായ ഒരു ഭരണം ഇവിടെ തുടങ്ങിയിരിക്കുകയാണ്. ഈ രാജ്യത്തെ ആകെ ആളുകളും സ്തുതിക്കുന്ന 31 മാസത്തെ ഭരണത്തിൽ നിന്നും വ്യത്യസ്തമായി തൊഴിലാളികൾക്ക് എതിരായി പോലീസിനെ അഴിച്ചു വിട്ടിരിക്കുകയാണ്. കമലന്റെ കുട്ടപ്പ എന്ന.....

ശ്രീ. ഇ. ജാൺ ജേക്കബു: നിങ്ങളുടെ ആളല്ലേ.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: നിങ്ങളുടെസ്വന്തം ആളാണ്. ജീരകപ്പാറയിൽ പതിനായിരക്കണക്കിന് ഭൂമി കൈവശമുള്ള ഒരു ജൻമിയുടെ പുരയിടത്തിൽ കിടന്ന കുടികിടപ്പുകാരെ ഈ പോലീസിന്റെ സഹായത്തോടുകൂടി കുടിയിറക്കിയില്ലേ. അതുപോലെതന്നെ ഇൻഡ്യയിലെ കുത്തകമുതലാളിയായ ബിർലായുടെ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയിലെ കുടികിടപ്പുകാരെ കുടിയിറക്കാൻ ഈ. സി. ആർ. പി.-യെ ഉപയോഗിച്ചിട്ടുണ്ട്. അതിലാണ് ഞങ്ങൾക്കു പ്രതിഷേധമുള്ളത്. ശ്രീമാൻ കോയ ഹോംമിനിസ്റ്ററാകുന്നതിൽ, ഞങ്ങൾക്കു പ്രതിഷേധമില്ല. ആർക്കുമാകാം. പക്ഷേ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലും അതിനുശേഷം പങ്കെടുത്ത് പോലീസിന്റെ മർദ്ദനങ്ങളും മറ്റും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത മന്ത്രിമാർ, മർദ്ദനത്തിന്റെ കാഠിന്യം മനസ്സിലാക്കിയിട്ടില്ലാത്തവർ പോലീസ് വകുപ്പു കൈകാര്യംചെയ്യുന്നതിലാണ് ഞങ്ങൾക്കു പ്രതിഷേധം. അതുകൊണ്ട് ഈ പോലീസ് സേനയെ പിൻവലിച്ചേ മതിയാകൂ. എന്റെ പ്രമേയം പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ പ്രസംഗം അവസാനപ്പിക്കുന്നു.

ശ്രീ. കെ. കെ. അബു: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. പോലീസ് നടപടികളിലെല്ലാംതന്നെ പ്രതിപക്ഷവും ഭരണകക്ഷിയും എന്നു നോക്കാതെ ജനങ്ങളെ മർദ്ദിക്കുന്നുണ്ടോ എന്നു നോക്കുകയും ഉണ്ടെങ്കിൽ അന്വേഷിക്കുകയും ചെയ്യേണ്ടതാണ് ഗവൺമെൻറിന്റെ കടമ. പോലീസിന് വീര്യം കൂട്ടേണ്ടയാവശ്യമില്ല. വീര്യം ആവശ്യമുള്ളത് പട്ടാളത്തിനാണ്. പോലീസിനു വേണ്ടത് സ്നേഹവും ബുദ്ധിയുമാണ്. നേരെ മറിച്ച് വീര്യം കൂട്ടുകയും ശക്തി വർദ്ധിപ്പിക്കുകയും ചെയ്താൽ ഇതൊക്കെ നടക്കും. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി, ലാത്തി വീണ വായിക്കാനുള്ളതല്ല, തല്ലാനുള്ളതാണെന്ന്. ഇവിടെ ശാശ്വതമായി ആരും മന്ത്രിയാകുകയില്ല. അവരും കുറേക്കഴിയുമ്പോൾ ലാത്തി തല്ലാനുള്ളതല്ലെന്ന് സ്ഥാപിക്കേണ്ടതായി വരും. കട്ടനാട്ടിലെ കായൽ പരിസരപ്രദേശങ്ങളിൽ നരനായാട്ടു നടക്കുകയാണ്. അവിടെ ശ്രീധരൻ എന്നു പറയുന്ന ഒരാളിനെ

LIBRARY ARCHIVES Kerala Legislative Assembly

തല്ലിക്കൊല്ലുകയുണ്ടായി. കൊന്നത് ആരാണെന്ന് അറിയുകയില്ല. തന്റെ സഹോദരനെ കൊന്നു എന്നറിഞ്ഞ സഹോദരി ഓടിവന്നപ്പോഴും അവരെ പോലീസ് തല്ലുകയാണുണ്ടായത്. ഞാൻ അതിന്റെ സ്റ്റേറ്റുമെന്റ് വച്ചുകൊണ്ടാണ് പറയുന്നത്. സഹോദരൻ മരിച്ചു എന്നറിഞ്ഞുചെല്ലുമ്പോഴും തല്ലിവീഴ്ത്തുകയാണു ചെയ്യുന്നത്. ഭരണകക്ഷിയോ പ്രതിപക്ഷമോ എന്നുള്ളതു നോക്കാതെ പോലീസിന്റെ ഭാഗത്ത് ക്രൂരമായ പ്രവർത്തി ഉണ്ടെങ്കിൽ അതു തടയണം. സെൻട്രൽ ഗവൺമെന്റ് സി. ആർ.പി. യെ അയച്ചപ്പോഴും പറഞ്ഞത് ഇവിടത്തെ സ്വത്ത് രക്ഷിക്കാനാണെന്നാണ്. നമ്മുടെ ഗവൺമെന്റ് അതിനെ കയറൂരിവിട്ട് തല്ലുക, കൊല്ലുക, മർദ്ദിക്കുക മുതലായവയൊക്കെ നടത്തുകയാണ്. ഇത് അടിയന്തിരമായി തടയണം.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

പ്രമേയത്തിന്റെ 8–ാമത്തെ വരിയിൽ ''ഒതുക്കി'' എന്നതിനു പകരം ''മാറ്റി'' എന്നു ചേർക്കുക.

നാട്ടിൽ അഞ്ചോളമിഞ്ചോളം രണ്ടുമാസക്കാലമായി കൃഷിക്കാരെയും തൊഴിലാളികളെയും പാവപ്പെട്ടവരെയും കൊന്നൊടുക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ നിന്നു തന്നെ എനിക്ക് ദിവസവും കത്തുകൾ വന്നുകൊണ്ടിരിക്കുകയാണ്. അവിടെ ഒരു സ്ഥലത്ത് തോക്കു കണ്ടിട്ടുപോലുമില്ലാത്ത പത്തുപതിനഞ്ച് കരുവാൻമാരുടെ വീട്ടിൽ രാത്രി രണ്ടുമണിക്കും മറ്റും പോലീസ്ചെന്ന് അവരെ വീട്ടിനു പുറത്തിറക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നുണ്ട്. അതിനെപ്പറ്റി ഞാൻ റൂം 61 അനുസരിച്ച് ഒരു നോട്ടീസ് കൊടുത്തിട്ട് സഭയിൽ വന്നിട്ടില്ല. സി.ആർ.പി. യെ അടിയന്തിരമായും മടക്കി അയക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. എം. കെ. എ. ഹമീദ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്.

പ്രമേയത്തിൽ ''കേന്ദ്രറിസർവ്വ്പോലീസിനെ'' എന്ന വാക്കുകൾക്കു ശേഷം ''യും മറ്റ് സായുധപോലീസ് വിഭാഗങ്ങളെയും'' എന്നു ചേർക്കുക.

സർ, ഒന്നുരണ്ടു വാചകങ്ങൾ പറയാൻ എന്നെ അനുവദിക്കുക.

മി. ചെയർമാൻ: ഒരു മിനിട്ടേ ഉള്ളു.

ശ്രീ. എം. കെ. എ. ഹമീദ്: രണ്ടുമൂന്നുവാചകം പറയാൻ അനുവദിച്ചാൽ മതി. നിർഭാഗ്യവശാൽ നമ്മുടെ നാട്ടിൽ പോലീസ്മർദ്ദനങ്ങൾ നടന്നുവരുന്നു എന്നുള്ള സത്യം അങ്ങേഭാഗത്തിരിക്കുന്നവരും ഇങ്ങേഭാഗത്തിരിക്കുന്നവരും അംഗീകരിച്ചിട്ടുള്ളതാണ്. അങ്ങനെ നടക്കുന്നത് ശ്രീമാൻ അച്യുതമേനോനോ ശ്രീമാൻ മുഹമ്മദുകോയയോ ദുഷ്ടൻമാരായ വ്യക്തികളായതുകൊണ്ടാണ് എന്നു ഞാൻ വിശ്വസിക്കുന്നില്ല. തെറ്റായ ചില നയരൂപീകരണങ്ങൾക്കു് ഈ ഗവൺമ്മെൻറ്, മുതിർന്നതാണ് കാരണം എന്നാണ് എനിക്ക് തോന്നുന്നതു്. അത് അവർക്കും ബോധ്യമായിയെന്ന് ഞാൻ വിശ്വസിക്കുന്നു. ദുരഭിമാനം തടസ്സമായി നിൽക്കാൻ അനുവദിക്കാതെ ഇപ്പോഴത്തെ നയം മാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ മാറുന്നത് ഈ ഗവൺമ്മെൻറിനും ഭരണകക്ഷികൾക്കും ഈ നാട്ടിലെ എല്ലാ ആളുകൾക്കും നല്ലതായിരിക്കും എനിക്കഭ്യർത്ഥനയുണ്ട്. അതിനു തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. ഗോപിനാഥൻപിള്ള: പ്രമേയത്തിൽ ഏഴാമത്തെ വരിയിൽ ''കേരളത്തിലിടപെടുവിക്കാതെ'' എന്നതിനുപകരം ''കേരളത്തിലെ തൊഴിൽത്തർക്കങ്ങളിലിടപെടുവിക്കാതെ'' എന്നു ചേർക്കുക. ഇതാണ് എന്റെ ഭേദഗതി.

സർ, പോലീസ് തീർച്ചയായിട്ടും തൊഴിൽത്തർക്കങ്ങളിൽ ഇടപെട്ടുകൂടാ. മട്ടന്നൂർപോലെയുള്ള സ്ഥലങ്ങളിൽ സാധുക്കളുടെ ജീവൻ രക്ഷിക്കാൻ ഇന്നത്തെ സി. ആർ. പി. മതിയാകുമോയെന്ന് സംശയമാണ്. അതുപോലെതന്നെ കുട്ടനാട്ടിലെ കാര്യവും. സർ, ഏതായാലും കൊലപാതകങ്ങളും അക്രമങ്ങളും നടത്തുന്നത് ശരിയായില്ല. അവിടെ ലോക്കൽ പോലീസിനെക്കൊണ്ട് നിയന്ത്രിക്കാൻ.....

ശ്രീ. ഇ. എം. ജോർജ്: സർ, ഒരു പോയന്റ് ഓഫ് ഓർഡർ. മുൻപ് അദ്ദേഹം പറഞ്ഞിട്ടുണ്ട് ഈ സംഭവം നടന്നത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണെന്ന്. ഇപ്പോഴും പറയുന്നു വേറെ നിയോജകമൺഡലത്തിലാണെന്ന്. ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് നടത്തുന്നത് ഒർഡറിലാണോ?

ശ്രീ. ജി. ഗോപിനാഥൻപിള്ള: സി. ആർ. പി. യെ നിയോഗിക്കേണ്ടത് നിയമസമാധാനം പാലിക്കാനാണ്. അങ്ങനെ നിയമസമാധാനം പാലിച്ചേ മതിയാകൂ.

ശ്രീ. എം. കെ. കേളു: സർ, പ്രമേയത്തിൽ രണ്ടാമത്തെ വരിയിൽ ''സമരങ്ങളിൽ'' എന്നതിനുമുമ്പായി ''ന്യായമായ'' എന്നു കൂട്ടിചേർക്കണമെന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. സർ, സി.ആർ.പി. ഇവിടെ കാണിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചൊന്നും ഞാൻ അധികം പ്രസംഗിക്കുന്നില്ല. അതെല്ലാം അവതാരകൻതന്നെ പറഞ്ഞു. അവർക്കു ആശുപത്രി അറിയുകയില്ല, പള്ളി അറിയുകയില്ല, ലോകം അറിയുകയില്ല. സർ, എഴുത്തറിയാൻ വയ്യാത്ത ആളുകൾക്കുപോലും ആശുപത്രി കണ്ടാൽ അത് ആശുപത്രിയാണെന്ന് മനസ്സിലാകും. മൂന്നുരീതി എന്ന ചുവന്ന ത്രികോണ ഫാമിലിപ്ലാനിങ്ങ് വക എല്ലാ ആശുപത്രികളിലും വച്ചിട്ടുണ്ട്. അത്രപോലും വിവരമില്ലാത്ത ഒരു വിഭാഗമായിട്ടാണ് അവർ കോഴിക്കോടു ആശുപത്രിയിലെ ആളുകളെ മർദ്ദിച്ചതു്. ഒരു കുട്ടി പത്രം വായിച്ചിരിക്കുമ്പോൾ വെടിവെച്ചു. അതുകൊണ്ട് സമരങ്ങൾക്കു മാത്രമല്ല, ന്യായമായ സമരങ്ങൾക്കും ഇവരെ ഇടപെടുവിക്കാൻ പറ്റുകയില്ലെന്നുള്ളതുകൊണ്ട് ''ന്യായമായ'' എന്നുള്ളതുകൂടി കൂട്ടിചേർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവരെ അടിയന്തിരമായി പിൻവലിക്കുകയോ ഷെഡ്ഡിൽ നിറുത്തുകയോ ചെയ്യണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, എന്റെ ഭേദഗതി പ്രമേയത്തിൽ ആറാമത്തെ വരിയിൽ ''ചെയ്തിരുന്നതുപോലെ'' എന്നതിനുശേഷം ''കേരളത്തിലിടപെടുവിക്കാതെ'' എന്നതിനുമുൻപ് ''അടിയന്തിരമായി'' എന്നു കൂട്ടിച്ചേർക്കുക എന്നുള്ളതാണ്.

ഞാൻ ഇതു പറയാൻ കാരണം കഴിഞ്ഞ മൂന്നാഴ്ചയോളമായി ചേർത്തലയിൽ തൈക്കാട്ടുശ്ശേരിയിൽനിന്നും 200—ഓളം താമസക്കാരായ കുടികിടപ്പുകാരെ സി. ആർ. പി. യുടെ സഹായത്തോടു അടിച്ചിറക്കിയ സംഭവമാണ്. അവർ ഇപ്പോഴും തുറവൂർ പോലുള്ള പ്രദേശങ്ങളിൽ അഭയം പ്രാപിച്ചുകഴിയുകയാണ്. പാറായിത്തരകന്റെ സംരക്ഷണത്തിനുവേണ്ടി സി. ആർ. പി. യെ അയച്ചുകൊടുത്തതാണ് ഈ പാവപ്പെട്ട ആളുകൾക്ക് ഈ സ്ഥിതി ഉണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

കാരണം. അതുപോലെതന്നെ കുട്ടനാട്ടിൽ ഏഴിൽ ഒന്നു പതത്തിനു വേണ്ടി കർഷകത്തൊഴിലാളികളും നടത്തുന്ന സമരത്തിനെതിരായി കുട്ടനാട്ടിലെ കായൽ രാജാക്കൻമാരുടെ സംരക്ഷണത്തിനായി സി. ആർ. പി. യെ അയച്ചുകൊടുക്കുകയാണ്. കർഷകത്തൊഴിലാളികളുടെ സമരത്തെ തോൽപിക്കാൻ വേണ്ടി നടത്തുന്ന ഈ പരിശ്രമത്തിനിടയിൽ ഒരു പാവപ്പെട്ട കർഷകത്തൊഴിലാളിയായ ശ്രീധരനെ ഗുണ്ടകളും കുത്തിക്കൊല്ലുകയാണു ചെയ്തത്. ചെങ്ങന്നൂരിൽ ചെറിയനാട് എന്നു പറയുന്ന സ്ഥലത്തും ഈ ഗുണ്ടകളും ശിവരാമൻ എന്ന കർഷകത്തൊഴിലാളിയെ കൊലപ്പെടുത്തി. അതുപോലെതന്നെ കളവലങ്കോടിൽ തിലകപ്പൻ എന്നു പറയുന്ന മറെറാരു തൊഴിലാളിപ്രവർത്തകനെയും സി. ആർ. പി. യുടെ സംരക്ഷണത്തോടുകൂടി കുത്തികൊലപ്പെടുത്താൻ ഗുണ്ടകളുടെ കൊലക്കത്തികൾക്കു കഴിഞ്ഞു സർ. അങ്ങനെ ഈ സംസ്ഥാനത്ത് ഇതിനകം പതിനൊന്നോളം പേരെ കൊലക്കത്തിയാൽ കുത്തിക്കൊലപ്പെടുത്തുന്നതിന് സി. ആർ. പി. യാണ് സംരക്ഷണം നൽകിയത്. നമ്മുടെ കേരള പോലീസ് 9 പേരെ വെടിവെച്ചു കൊന്നപ്പോൾ ഖ്യാതി നിലനിറുത്താൻ വേണ്ടിയാണോ എന്തോ 11 പേരെ കൊലപ്പെടുത്താൻ ഗുണ്ടകൾ കൂട്ടുനിന്നിരിക്കുന്നു. ഈ സാഹചര്യങ്ങളിൽ തൊഴിൽസമരങ്ങളും ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്കുംവേണ്ടിയുള്ള സമരങ്ങളും തോൽപിക്കാൻ ഇടനൽകുമ്പോൾ സി. ആർ. പി. യെ കെട്ടഴിച്ചുവിടരുത്. അവരെ അവരുടെ മാളങ്ങളിൽ ഒതുക്കിനിറുത്താൻ അടിയന്തിരമായ നടപടിയെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, പ്രമേയത്തിൽ ''ശക്തിയായി ആക്ഷേപിക്കുകയും'' എന്നതിനുപകരം ''പരിശോധിക്കുകയും'' എന്നു ചേർക്കുകയും ''കേരളത്തി'' എന്നതിനുശേഷം ''ലിടപെടുവിക്കാതെ'' എന്നഭാഗം നീക്കി പകരം ''എപ്പോഴും ഇടപെടുവിക്കാതെ'' എന്നു ചേർക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി.

സർ, കേരളത്തിലെ ജനകീയസമരങ്ങളിൽ സി. ആർ. പി. യെ ഇടപെടുവിച്ചു എന്നും അവരെ ക്യാമ്പിൽ ഒതുക്കിനിറുത്തണമെന്നും പറയുന്ന ഭാഗത്തെ ഞാൻ പരാമർശിക്കുകയാണ്. റിസർവ് പോലീസ് എന്നു പറയുന്നത് ക്യാമ്പുകളിൽമാത്രം ഒതുങ്ങിനിറുത്തേണ്ട ഭാഗമാണോ? ക്യാമ്പിൽ ഒതുക്കിനിറുത്തി കാഴ്ചബംഗ്ലാവിലെ കാഴ്ചവസ്തുക്കളെപ്പോലെ കാണാനാണോ? അതിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ട്. സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷങ്ങൾ സംജാതമാവുകയും അതു നിയന്ത്രിക്കാൻ കഴിയാതെവരികയുംചെയ്യുമ്പോൾ ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള കരുതൽപോലീസാണ് സി. ആർ. പി. അതിനെതിരായിട്ടുള്ള ഈ നീക്കത്തെ എതിർക്കേണ്ടതാണ്. പശ്ചിമബംഗാളിൽ ജ്യോതിബാസുവിന് ഫ്രോണ്ടിയർ റൈഫിൾസിനെ ഉപയോഗിക്കാമെങ്കിൽ ഇവിടെ സി. ആർ. പി. യെ ഉപയോഗിക്കുന്നതിനപ്പെറ്റി പറയാൻ ഇമ്പിച്ചിബാവയ്ക്കെന്തോണവകാശം? ശ്രീമാൻ ഇമ്പിച്ചിബാവ ആദ്യം പശ്ചിമബംഗാളിൽ ഇതുപോലൊരു പ്രമേയം പാസ്സാക്കിയതിനുശേഷം ഇവിടെ കൊണ്ടുവന്നാൽമതി. ഇവിടെ എന്തു ജനകീയ സമരമാണു സർ? കഴിഞ്ഞ ജനുവരി 1—ാംതീയതി ഇവിടെ നടത്തിയ കൈയേറ്റത്തെസംബന്ധിച്ചിടത്തോളം ശ്രീമാൻ ജേക്കബിനോടു ചോദിക്കുകയുണ്ടായി. കണ്ണാടിക്കല്ല് സ്ഥാപിക്കാതെയും സർവ്വെ നടത്താതെയും പട്ടയംകൊടുത്തുകഴിഞ്ഞാൽ അവകാശത്തർക്കം ഉണ്ടാകുകയില്ലേ എന്നു ഞാൻ ചോദിക്കുകയാണ്. സർ, പുൽപ്പള്ളി പോലീസ് സ്റേറഷൻ ആക്രമിച്ചതും കുറ്റ്യാടി പോലീസ് സ്റേറഷനിൽ ബോംബിട്ടതും ജനകീയസമരമാണോ? മട്ടന്നൂർ ഒരു ട്രാൻസ്പോർട്ടു ബസ് തടഞ്ഞുനിർത്തി ശ്രീമാൻ ഇമ്പിച്ചിബാവയുടെയും മാർക്സിസ്റുയൂണിയന്റെയും അറി

LIBRARY ARCHIVES Kerala Legislative Assembly

വോടും സഹായത്തോടുംകൂടി പെട്രോൾ ഒഴിച്ച് തീകത്തിച്ചത് ജനകീയ സമരമാണോ സർ? ഈ രാജ്യത്ത് ആസിഡ് ബോംബുകൾ തെരുതെരെ എറിയുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. എം. മാണി: ബസ്സിന്റെ ടയർ കുത്തിക്കീറുന്നതുന്നതും പോലീസ് സ്റ്റേഷൻ ആക്രമിക്കുന്നതും ആളുകളെ കൊലചെയ്യുന്നതും ജനകീയസമരമാണോ സർ?

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഒരു സംഭവത്തെസംബന്ധിച്ച് കേസ് രജിസ്റ്റർചെയ്തിട്ടുണ്ട്. അതിൽ മാർക്സിസ്റ്റുപാർട്ടി നേതൃത്വത്തിലുള്ള യൂണിയനു പങ്കുണ്ട്, ഇമ്പിച്ചി ബാവയ്ക്കു പങ്കുണ്ട് എന്നു പറയുന്ന പരാമർശം ശരിയല്ല. അതു സഭാ നടപടികളിൽനിന്നും നീക്കംചെയ്യണം.

ശ്രീ. കെ. എം. മാണി: ഇമ്പിച്ചിബാവയ്ക്കു പങ്കുണ്ടെന്നു പറഞ്ഞില്ല. അദ്ദേഹത്തിന് പാർട്ടിയിൽ നേതൃത്വത്തിനു പങ്കുണ്ട്.

ശ്രീ. പി. കുഞ്ഞൻ: സർ, ഒരു ചോദ്യം.....

ശ്രീ. കെ. എം. മാണി: വഴങ്ങുന്നില്ല. സർ, ഇതൊക്കെ ജനകീയ സമരമല്ല, ചട്ടമ്പിസമരമാണ്. മാർക്സിസ്റ്റുപാർട്ടി ചട്ടമ്പിസമരങ്ങൾ അഴിച്ചുവിട്ടാൽ ആ ചട്ടമ്പിസമരങ്ങളെ നേരിടാൻ ധൈര്യമായി നിൽക്കൂ. സി. ആർ. പി. മൃഗമല്ല, സിംഹമല്ല, വ്യാഘ്രവുമല്ല. സംസ്ഥാനപോലീസിന്റെ നിയന്ത്രണത്തോടുകൂടി സംസ്ഥാനപോലീസ്ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ഷനോടുകൂടി, ആഭ്യന്തരമന്ത്രിയുടെ നിയന്ത്രണത്തോടുകൂടി സി. ആർ. പി. യെ നിങ്ങൾ വിനിയോഗിക്കുക, സേവനംചെയ്യുക. അങ്ങനെ ഈ രാജ്യത്തെ ജനങ്ങളുടെ ജീവനും സ്വത്തും മാർക്സിസ്റ്റുപാർട്ടിയുടെ കൈയിൽ പന്താടാൻ കൊടുക്കരുത്. സി. ആർ. പി. യെ ആവശ്യമുണ്ടെങ്കിൽ വിനിയോഗിക്കണം. ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ടു സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട പ്രമേയാവതാരകന്റെ വികാരങ്ങൾ ഓർത്തു പോകുകയാണ്. സർ, അദ്ദേഹം ഇവിടെ വളരെ വികാരഭരിതനായി സംസാരിക്കുകയുണ്ടായി. സർ, ചാവശ്ശേരിയിൽ മനുഷ്യരെ തീയിട്ടു ചുട്ടു കരിച്ചപ്പോൾ അതിന് ഒരുതുള്ളി കണ്ണുനീരെങ്കിലും പൊഴിക്കാൻകഴിയാത്ത വരാണ് ഇത്തരം ആക്രമങ്ങളെപ്പറ്റി പറയുന്നതെന്നോർക്കുമ്പോൾ എനിക്കു ലജ്ജ തോന്നുകയാണ്. കണ്ണപുരത്ത് റയിൽപ്പാളം നീക്കിയിപ്പോൾ സി. ആർ. പി. അവിടെ ഇല്ലായിരുന്നെങ്കിൽ അവിടെ തീവണ്ടി ഓടുമായിരുന്നോ? കണ്ണപുരത്തു പാലം കത്തിച്ചപ്പോൾ സി. ആർ. പി. അവിടെ എത്തിയില്ലായിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു? പാവപ്പെട്ട ആളുകളെ ആസിഡ് ബോംബുകൾ എറിഞ്ഞുകൊല്ലുന്ന ഈ നാട്ടിൽ സി. ആർ. പി. യെ ഉപയോഗിക്കാതെ എന്തുചെയ്യാനാണ്? തിരൂരിലായാലും കണ്ണൂരിലായാലും കണ്ണപുരത്തായാലും ചാവശ്ശേരിയിലായാലും നിയമസമാധാനം പാലിക്കാൻ വേണ്ടി സി. ആർ. പി. യെ ഉപയോഗിക്കാതെ എന്തുചെയ്യാനാണ്?

LIBRARY ARCHIVES Kerala Legislative Assembly

(Mr. Speaker in the Chair)

ശ്രീ. ഇ. എം. ജോർജ്ജ്: സർ, സ്വാതന്ത്ര്യസമരകാലത്ത് വെള്ളക്കാരന് ഒറ്റുകൊടുത്തത് ഏതുപാർട്ടിയാണെന്ന് എല്ലാവർക്കും അറിയാം.

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ അതു നിഷേധിക്കുന്നു.

ശ്രീ. ബേബി ജോൺ: ആരു പറഞ്ഞു?

ശ്രീ. ഇ. എം. ജോർജ്ജ്: ഞാൻ പറഞ്ഞു. അല്ലാതെ?

ശ്രീ. ഇ. അഹമ്മദ്: സർ, ശ്രീമാൻ ജോർജ്ജിന്റെ ഈ പ്രസ്താവനകളെല്ലാം അടിസ്ഥാനരഹിതങ്ങളാണ്, നുണയാണ്. കണ്ണൂർ ജില്ലയിൽ ഇന്നു നിയമം ലംഘിച്ചിരിക്കുകയാണ്. അങ്ങനെ നിയമലംഘനം നടത്താൻ വേണ്ടി ഒരു പാർട്ടി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഈ നാട്ടിൽ ജനങ്ങളെ സഹായിക്കാൻ വേണ്ടി..... (Bell)

ശ്രീ. എ. വി. ആര്യൻ: സർ, ഞങ്ങൾക്കും സംസാരിക്കാൻ സമയം വേണം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, സമയം അലോട്ടു ചെയ്യുന്ന കാര്യത്തിൽ എന്താണ് ഈ വ്യത്യാസം എന്നു മനസിലാകുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: ചെയറിൽനിന്ന് ബെല്ലടിച്ചാലും മെംബർമാർ പ്രസംഗം നിറുത്താതിരിക്കുന്നതു എന്താണു സർ?

ശ്രീ. ഇ. എം. ജോർജ്ജ്: സർ, ഒരു സബ്മിഷൻ: സർ, ഭരണകക്ഷിയിൽപ്പെട്ട രണ്ടാളുകൾ ഇവിടെ സംസാരിച്ചു. ഇങ്ങേപ്പുറത്തിരിക്കുന്ന ആളുകൾ സംസാരിച്ചപ്പോൾ കൃത്യം ഒന്നര മിനിട്ട് എന്നുപറയുകയും ആ കൃത്യസമയത്തിനുതന്നെ നിറുത്തുകയും ചെയ്തു. എന്നാൽ അങ്ങേപുറത്തിരിക്കുന്നവർ സംസാരിക്കുമ്പോൾ നാലുമിനിട്ടായിട്ടും നിറുത്തിതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പി. കുഞ്ഞൻ: സർ, ചെയറിൽനിന്നു ബെല്ലടിച്ചാലും നിറുത്താതെകണ്ട് ചെയറിനെ ധിക്കരിച്ചുകൊണ്ട് ഭരണകക്ഷിയിലെ അംഗങ്ങൾ സംസാരിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: ശരിയല്ല.

മി. സ്പീക്കർ: ഇനി പത്തുമിനിട്ടേ ഉള്ളു. അതുകൊണ്ട് അമെൻറ് മെൻറ് മൂവുചെയ്യാനോ സംസാരിക്കാനോ അനുവാദം കൊടുക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു സബ്മിഷൻ: ഇപ്പുറത്തിരിക്കുന്നവർക്കു സംസാരിക്കാൻ സമയം കൊടുത്തിട്ടില്ല.

മി. സ്പീക്കർ: എന്തുചെയ്യാനും ഞാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മെംബർമാർ വളരെയധികം സമയം എടുത്തു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഭരണകക്ഷിയംഗങ്ങളാണ് വളരെധികം സമയം എടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അപ്പുറത്തിരിക്കുന്നവർ ബഹളം കൂട്ടിയതുകൊണ്ടാണ് സമയം പോയത്.

ശ്രീ. കെ. കരുണാകരൻ: പ്രമേയത്തെപ്പറ്റി സംസാരിച്ചു കഴിഞ്ഞു. ചർച്ചചെയ്ത കാര്യങ്ങളെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേൾക്കേണ്ടതുണ്ട്. ഇന്ന് പന്ത്രണ്ടരയ്ക്കു ക്ലോസുചെയ്യുകയുംവേണം. എന്തു ചെയ്താലും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കിട്ടിയാൽ കൊള്ളാമെന്നുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഭേദഗതി ആർഡറിലല്ലെങ്കിൽത്തന്നെയും സംസാരിക്കാൻ സൗകര്യം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് സംസാരിക്കാൻ സമയം കൊടുക്കണം. അപ്പുറത്തിരിക്കുന്ന മെംബർമാർക്ക് വളരെയധികം സമയം അനുവദിച്ചുകൊടുത്തു.

മി. സ്പീക്കർ: പ്രായോഗികമായി എങ്ങനെ സാധിക്കുമെന്നുള്ളതു കൂടി സജസ്റ്റുചെയ്യണം. പത്തുമിനിട്ടില്ല., ഇനി ഏഴു മിനിട്ടേ ഉള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അപ്പുറത്തുള്ളവർക്ക് രണ്ടുപ്രാവശ്യം സംസാരിക്കാൻ സമയം കൊടുത്തു.

ശ്രീ. ബേബിജോൺ: കൂടുതൽ സമയം അപ്പുറത്തുള്ള മെംബർമാരാണ് സംസാരിച്ചതെന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മിസ്റ്റർ സ്പീക്കർ സർ.....

ശ്രീ. എ. പി. കുര്യൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ:

ശ്രീ. എ. വി. ആര്യൻ: സർ, പോയിന്റ് ഓഫ് ആർഡർ.

ശ്രീ. എ. പി. കുര്യൻ: സർ, അങ്ങ് ഇവിടെ വായിച്ച ലിസ്റ്റിൽ എന്റെ പേര് ഉൾപ്പെടുന്നില്ല. ഞാൻ അമെൻറ്മെൻറ് കൊടുത്തിട്ടുണ്ട്, അതു മൂവുചെയ്യാൻ അവസരം കിട്ടണം.

മി. സ്പീക്കർ: ആർഡറിലായിരുന്നെങ്കിൽ വിളിച്ചേനെ. എല്ലാം നോക്കി എഴുതിയ ലിസ്റ്റാണ്. മി. കുര്യന്റെ ഭേദഗതി ആർഡറിലാലായിരിക്കയില്ല.

ശ്രീ. എ. പി. കുര്യൻ: 23–ാമത്തെ പേരുകാരനാണ് ഞാൻ. അങ്ങ് വായിച്ച ലിസ്റ്റിൽ—ആർഡറിലല്ലാതെയും മറ്റും തള്ളിയകൂട്ടത്തിൽ—യാതൊരിടത്തും എന്റെ പേരു കാണുന്നില്ല; വിട്ടുപോയതായിരിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ മുമ്പു സൂചിപ്പിച്ചപോലെ, അപ്പുറത്തുള്ള ബഹുമാനപ്പെട്ട മെംബർമാർക്ക് രണ്ടുപ്രാവശ്യം സംസാരിക്കാൻ സമയം കൊടുത്തതാണ്; ഇനിയും ആ ഭാഗത്തുള്ള മറുപടിയാണ് പറയാൻ പോകുന്നത്.

ശ്രീ. സി. എച്ച് മുഹമ്മദുകോയ: മിസ്റ്റർ സ്പീക്കർസർ, പണ്ടൊരു ബ്രാഹ്മണനുണ്ടായിരുന്നു.....

ശ്രീ. എ. വി. ആര്യൻ: സർ, എന്റെ ഭേദഗതി എന്തുകൊണ്ടാണ് ആർഡറിലല്ലെന്നു പറഞ്ഞത്. റസലൂഷനും അമെൻറ്മെൻറും രണ്ടുംകൂടി വായിച്ചുനോക്കിയാൽ.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ആർഡർ, ആർഡർ. റസലൂഷൻ ആർഡറിലാണോ അല്ലയോ, അമെൻറ്മെൻറ് ആർഡറിലോണോ അല്ലയോ എന്നൊക്കെ തീരുമാനമെടുക്കാൻ എനിക്കാണ് അധികാരമുള്ളത്. ആ നിലയ്ക്ക് പരിഗണിച്ചാണ് ഇന്നയിന്ന അമെൻഡ്മെൻറ് ആർഡറിലാണ്, ഇന്നയിന്ന അമെൻഡ്മെൻറ് ആർഡറിലല്ല എന്നു തീരുമാനിമെടുത്തുകഴിഞ്ഞിട്ടുള്ളത്. അതിനെ ചോദ്യംചെയ്തിട്ടു കാര്യമില്ല.

മി. കുര്യന്റെ കാര്യത്തിൽ, ലിസ്റ്റു വായിച്ചപ്പോൾ എനിക്കു തെറ്റു പറ്റിയതാണ്. ശ്രീ. കുര്യനു പകരം എ. വി. ആര്യൻ എന്നാണ് വായിച്ചത്.

ആഭ്യന്തരമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): മി. സ്പീക്കർ സർ, പണ്ടൊരു ബ്രാഹ്മണനുണ്ടായിരുന്നു. അയാൾ ഒരാടിനെ വാങ്ങി. കുറെ കവലച്ചട്ടമ്പികൾ ആ ആടിനെ പിടിച്ചെടുക്കാൻ തീരുമാനിച്ചു. വഴിയിൽക്കൂടി പോകുമ്പോൾ ഒരു സ്ഥലത്തുവച്ചു ചോദിച്ചു ''സ്വാമി, ഈ പട്ടിയെ എവിടെ കൊണ്ടു പോകുന്നു?'' എന്ന്. അടുത്ത കവലയിൽ എത്തിയപ്പോൾ പിന്നെയും ചോദിച്ചു, പട്ടിയെ എനവിടെ കൊണ്ടുപോകുന്നു എന്ന്. മൂന്നാമത്തെ കവലയിൽ എത്തിയപ്പോൾ.....

ശ്രീ. എസ്. ദാമോദരൻ: സർ, ഒരു കഥ എത്ര പ്രാവശ്യം കേൾക്കണം?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കേൾക്കാൻ അസൗകര്യമുണ്ടെങ്കിൽ കേൾക്കണ്ട.

മൂന്നാമത്തെ കവലയിലെത്തിയപ്പോൾ പിന്നെയും ഇതേ ചോദ്യം ചോദിച്ചപ്പോൾ സാധുവായ ബ്രാഹ്മണൻ വിചാരിച്ചു, പട്ടിതന്നെ എന്ന്. ഉടനെ അയാൾ ആടിനെ അഴിച്ചുവിട്ടു. കവലച്ചട്ടമ്പികൾ ആ ആടിനെ അറുത്തു തിന്നു. ആ കഥയാണ്.....

(ബഹളം)

കഥ കേൾക്കാൻകൂടി സൻമനസില്ലാതെ പോയാലോ? കുറെ രസികത്തം ഒക്കെ വേണ്ടേ, നർമ്മബോധമില്ലാതെ പോയല്ലൊ. ഇവിടെ വലിയ കോലാഹലം ഉള്ളപ്പോൾ നർമ്മബോധത്തോടുകൂടി ആ കോലാഹലം അവസാനിപ്പിക്കാമെന്നു കരുതിയാണ് ഞാൻ കോലാഹലത്തെ അവസാനിപ്പിക്കാൻ ഒരു കഥപറയാൻ ശ്രമിച്ചത്. എന്നിട്ടു കൂടി സംസ്കൃതചിത്തനായ ശ്രീമാൻ രാമകൃഷ്ണൻ അതു സമ്മതിക്കുകയില്ലെന്നു പറഞ്ഞാൽ വിഷമമാണ്.

ഈ രാജ്യത്തു നിയമസമാധാനം പരിപാലിക്കുന്നതിനു സഹായിക്കാൻ വേണ്ടത്ര പോലീസുകാർ ഇല്ലാത്ത ഇന്നത്തെ അവസ്ഥയിൽ, ശക്തമായ ഒരു പ്രതിപക്ഷം തെരുവിൽവച്ചു കണ്ടുകൊള്ളാമെന്നു ഗവൺമെൻറിനെ വെല്ലുവിളിക്കുകയും ഈ ഗവൺമെൻറിനെക്കൊണ്ട് വെടിവയ്പിച്ചേ അടങ്ങൂഎന്ന് ദൃഢപ്രതിജ്ഞ ചെയ്യുകയും പലവിധത്തിലും സമരം അഴിച്ചു വിട്ടു പൊതുജനങ്ങളുടെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുകയും തേങ്ങാമോഷണവിരുദ്ധവും, ബസ്സുകത്തിക്കൽ വിരുദ്ധവും ഇതെല്ലാം ആരംഭിക്കുകയുംചെയ്യുന്ന അവസരത്തിൽ സി. ആർ. പി. ക്കാരെ ഇടപെടുത്താതിരിക്കാൻ അവർക്കു ചീത്തപ്പേരു നൽകി തൂക്കിലിടണമെന്നുള്ള ശക്തിമത്തായ പ്രമത്തിന്റെ ബഹി: സ്ഫുരണമാണ് അഭിവന്ദ്യനും സമർത്ഥനുമായ എന്റെ സ്നേഹിതൻ ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ ഇവിടെ നടത്തിയ അഭിനയം അടക്കം ഉള്ള എല്ലാ പരിപാടികളിലുംകൂടി നമമളെല്ലാം കാണുകയും കേൾക്കുകയും ചെയ്തു അൽപം

LIBRARY ARCHIVES Kerala Legislative Assembly

മുൻപു നടന്ന പരിപാടികളും എന്നു പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. വാസ്തവത്തിൽ ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ചു എല്ലാ മെംബർമാരും ആക്ഷേപിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയംഗങ്ങളെത്തന്നെ, അവരുടെ പാർട്ടിയിലെ അംഗങ്ങളെ കൊല്ലപ്പെടുന്നു, ഏറ്റുമുട്ടലുകളിൽ അവർക്കു മരണം സംഭവിക്കുന്നു എന്നു പറയുന്നതുതന്നെ ഈ രാജ്യത്ത് അസ്വസ്ഥമായ അവസ്ഥയുണ്ടെന്നുള്ളതിനു തെളിവാണ്. അതിലേക്ക് അവർ എത്രമാത്രം സംഭാവനചെയ്തിട്ടുണ്ടെന്നുള്ളതു ഞാൻ കൂടുതലായി വ്യക്തമാക്കേണ്ടതില്ല. തൈക്കാട്ടുശേരിയിലെ സംഭവങ്ങളെപ്പറ്റിത്തന്നെ ഇവിടെ പലതവണ പറഞ്ഞിട്ടുള്ളതാണ്. മാർക്സിസ്റ്റുപാർട്ടിയിലെ ആളുകളെ ആക്രമിച്ചു മറ്റുള്ളവർ മരിക്കുന്നുണ്ട്; മറ്റുള്ളവർ ആക്രമിച്ച് മാർക്സിസ്റ്റു പാർട്ടിയിലെ ആളുകളും മരിക്കുന്നുണ്ട്, നമുക്ക്, മാർക്സിസ്റ്റുകാരെ മാത്രം ആക്രമിക്കാൻപാടില്ല, മാർക്സിസ്റ്റുകാർ മറ്റുള്ളവരെ ആക്രമിച്ചാൽ ആ ആക്രമണങ്ങളെ മറ്റുള്ളവർ സഹിച്ചുകൊള്ളണം, സി. ആർ.പി.യു. ടെയോ പോലീസിന്റെയോ യാതൊരു ഇടപെടലുകളും ഉണ്ടാകാൻപാടില്ല എന്ന് ഒരു നിയമം ഉണ്ടാക്കാൻ കഴിയുമോ? വളരെ സമാധാനപരമായി ഓരോ സ്ഥലത്ത് ഒളിച്ചുനിന്ന് ബസ്സുകളെ 'സമാധാനപരമായി കല്ലെറിയുകയും, ആധുനികമായ 'യന്ത്രോപകരണങ്ങളെ' കണ്ടുപിടിച്ച് ടയർ കുത്തിക്കീറുക തുടങ്ങിയ 'മൗലികാവകാശങ്ങളെ' ധ്വംസിക്കാൻ സി. ആർ. പി. എന്നു പറയുന്ന കാട്ടാളൻമാരെ ഉപയോഗിക്കുന്നതു തെറ്റാണ് എന്നു പറഞ്ഞാൽ വളരെ ഗൗരവമുള്ള ഒരു പ്രശ്നമായതുകൊണ്ട് അതിന് ഒരു പുഞ്ചിരി ഞാൻ ഇമ്പിച്ചിബാവായ്ക്കു നൽകുന്നില്ല. ഇമ്പിച്ചിബാവ ശക്തിയായി ചോദിക്കുകയുണ്ടായി പൊന്നാനിയിൽ എന്താണ് നടന്നതെന്ന്. പൊന്നാനിയിൽ ഇതാദ്യമായിട്ടാണോ സംഭവം നടന്നത്? നമ്മളെല്ലാവരുംകൂടി ഭരിച്ചിരുന്നപ്പോഴും പൊന്നാനിയിൽ നടന്ന സംഭവം ബഹുമാനപ്പെട്ട ഇമ്പിച്ചിക്ക് അറിയുകയില്ലേ? സി. ആർ. പി. വിദ്യാർത്ഥികളെ അടിച്ചാലേ വേദനിക്കുകയുള്ളോ? സെൻറ് ആൽബർട്ട്സ് കോളേജിൽവച്ച് വിദ്യാർത്ഥികളെ മർദ്ദിച്ചത് നമ്മളും ഒന്നിച്ചു ഭരിച്ചിരുന്ന കാലത്തെ ഗവൺമെൻറല്ലേ? ആ ഗവൺമെൻറിന്റെ കാലത്ത് കാസർകോട്ട് ആദ്യമായി വെടിയേറ്റു മരിച്ചത് ആരാണെന്നു ബഹുമാനപ്പെട്ട ഇമ്പിച്ചിബാവയ്ക്കു അറിയാമോ? സി. ആർ. പി. വെടിവച്ചുമരിച്ചാൽ അതിന് ഒരു രൂപം, പോലീസുകാർ വെടിവച്ചുമരിച്ചാൽ അതിനു വേറൊരു രൂപം. വേണ്ടത്ര പോലീസില്ലാതിരിക്കുമ്പോഴും സി. ആർ. പി. യെ വരുത്തിയാൽ അതു ജനകീയമല്ല, നിങ്ങളും ഭരിക്കുമ്പോഴും പോലീസു വെടിവച്ച് ആളുകളും മരിച്ചാൽ അതു ജനകീയം; ഞങ്ങളുടേതാണ് ജനകീയം നിങ്ങളുടേതു ജനകീയമല്ല എന്നു പറഞ്ഞാൽ അത് ഇവിടെ ഇരുന്നുകൊണ്ട് ഞങ്ങളും സമ്മതിച്ചുതരുമോ? വാസ്തവത്തിൽ അങ്ങനെയുള്ള നിലപാടു സ്വീകരിക്കുന്നതു ശരിയായിരിക്കുകയില്ല. വ്യക്തമായിട്ടു ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്; സി. ആർ. പി. യെ ഉപയോഗിക്കുന്നത് ഈ ഗവൺമെൻറ് ആവശ്യപ്പെടുമ്പോഴാണ്, ഈ ഗവൺമെൻറിന്റെ നിയന്ത്രണത്തിലാണ്. അവരെ ക്യാമ്പിൽത്തന്നെ വയ്പിക്കണമെന്നാണ് ഈ ഗവൺമെൻറിന്റെ നയം. പഴയ ഗവൺമെൻറിന്റെ നയത്തിൽ നിന്നു ഈ കാര്യത്തിൽ വ്യതിചലിക്കാനാഗ്രഹിക്കുന്നില്ല. ആവശ്യമുള്ളപ്പോഴും മാത്രമേ അവരെ ഉപയോഗിക്കുകയുള്ളു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചോദ്യത്തിനൊന്നും വഴങ്ങുന്നില്ല. എപ്പോഴെങ്കിലും ഞാൻ വഴങ്ങാതിരുന്നിട്ടുണ്ടോ? ഇന്നു വെള്ളിയാഴ്ചയായതുകൊണ്ട് സമയം ലാഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ നിലയിൽ സി. ആർ. പി. ഇടപെട്ടതു നമ്മുടെ പോലീസിന്റെ നിയന്ത്രണത്തിൽ, പോലീസ് ആവശ്യപ്പെടുമ്പോൾ മാത്രമാണ്. ഈ സ്റ്റോറിൽ ജനസംഖ്യയനുസരിച്ചു നോക്കുമ്പോൾ പോലീസ് വളരെ കുറവാണെന്നു ഫൈനാൻസ് കമ്മീഷന്റെ മുൻപാകെ നമ്മൾ പറഞ്ഞിട്ടില്ലേ? പറഞ്ഞിട്ടുണ്ട്. പിന്നെ, ഇപ്പോൾ പോലീസല്ല, നമുക്കു ജോലിയാണു വേണ്ടത് എന്നൊക്കെ പറയുന്നത് പ്രചരണപ്രധാനമാണ്. പ്രചാരവേലയ്ക്കു മാത്രമാണിതെന്നേ ഞാൻ ധരിക്കുകയുള്ളു. പ്രചാരവേലയിലൂടെ ആളുകളെ ഇളക്കിവിടുന്ന പ്രചരണകാര്യത്തിൽ ഞാൻ നിങ്ങളോടു തോറ്റിരിക്കുന്നു. എ. കെ. ഗോപാലൻ പണ്ട് ഇതുപോലുള്ള ശ്രമം ചെയ്തിരുന്നതാണ്. കോഴിപ്പുറത്തു മാധവമേനോൻ ചന്ദനംകൊണ്ട് വീടുകെട്ടിയിരിക്കുന്നു എന്ന് എ. കെ. ഗോപാലൻ പ്രചാരവേല നടത്തിയിരുന്നു. വാസ്തവത്തിൽ കോഴിപ്പുറത്ത് മാധവമേനോൻ വീടു കെട്ടിയിരുന്നില്ല. പ്രചാരവേലയുടെ കാര്യത്തിൽ പ്രൈസ് കൊടുക്കുകയാണെങ്കിൽ ഒന്നാം സമ്മാനം എ. കെ. ഗോപാലനും രണ്ടാം സമ്മാനം ഇമ്പിച്ചിബാവയ്ക്കും കൊടുക്കുന്നതിൽ എനിക്ക് യാതൊരു വിരോധവുമില്ല. ഇന്നും ഇന്നും ഇമ്പിച്ചിബാവ വിജയിച്ചിരിക്കുന്നു.

പക്ഷേ ഈ മാതിരിയുള്ള അക്രമം രാജ്യത്ത് നടക്കുകയും പാവപ്പെട്ട ജനങ്ങൾക്ക് വിഷമം വരികയും ചെയ്യുന്ന സന്ദർഭത്തിൽ പ്രയാസമാണ്. അങ്ങിനെ ഈ ഗവൺമെന്റ് ശക്തമായ ഒരു നിലപാടു സ്വീകരിച്ചുവെന്നു പറഞ്ഞു, പല സ്ഥലത്തും സൈ്വരമായി ഉറങ്ങാൻ കഴിയുന്നില്ലായെന്നു പറഞ്ഞുകൊണ്ടുള്ള എത്രയോ കത്തുകൾ പല ആളുകളിൽനിന്നും രാഷ്ട്രീയക്കാരിൽനിന്നും എനിക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്. ശ്രീ. സി. എസ്. ബാലകൃഷ്ണവാര്യർ എം. എ. (ഓണേഴ്സ്) എൽ. റ്റി. അയച്ചിട്ടുള്ള ഒരു കത്ത് എനിക്ക് കിട്ടിയിട്ടുണ്ട്. വളരെയധികം ഹൃദയസ്പ്രക്കായ ഒരു കത്താണ് അത്. അദ്ദേഹം ഹരിപ്പാട്ടുകാരനാണ്. അതുകൊണ്ട് വളരെയധികം സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഏതാണ് ആ വാര്യർ?

ശ്രീ. ഇ. എം. ജോർജ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ബഹുമാനപ്പെട്ട മന്ത്രി പ്രസംഗം ആരംഭിച്ചത് നമ്മുടെ നാട്ടിൽ ആകെ അസ്വസ്ഥതയുണ്ടെന്നാണ്. പ്രസംഗം നിറുത്താൻ പോകുന്ന ഈ അവസരത്തിൽ പറയുകയാണ് ഇവിടെ ആകെ സമാധാനം വന്നിരിക്കുന്നുവെന്നാണ്. ഇത് ഓർഡറിലാണോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എന്റെ പ്രസംഗത്തിന് വ്യാഖ്യാനം നൽകാൻ ശ്രീ. ഇ. എം. ജോർജിന് അധികാരമില്ല. മാർക്സിന്റെ പ്രസംഗത്തെ ശ്രീ. ഇ. എം. ജോർജിന് വ്യാഖ്യാനം ചെയ്യാം, മാവോയുടെ പ്രസംഗത്തെ വ്യാഖ്യാനം ചെയ്യാം, മാരാരുടെ പ്രസംഗത്തെ വ്യാഖ്യാനം ചെയ്യാം. മാർക്സിന്റേയും, മാവോയുടേയും, മാരാരുടേയും പ്രസംഗങ്ങളെ വ്യാഖ്യാനിക്കുന്നതുപോലെ എന്റെ പ്രസംഗത്തെ വ്യാഖ്യാനിക്കാൻ സാധിക്കുകയില്ല. സി.എച്ച്. മുഹമ്മദ്കോയയുടെ പ്രസംഗം വ്യാഖ്യാനിക്കാനുള്ള അധികാരവും അവകാശവും ശ്രീ. ഇ. എം. ജോർജിന് വിട്ടു കൊടുത്തിട്ടില്ല.

ശ്രീ. ബേബിജോൺ: ആ എഴുത്തൊന്നു വായിച്ചാൽ തരക്കേടില്ലായിരുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇവിടെ കിട്ടിയിട്ടുള്ള മുഴുവൻ സ്വകാര്യ എഴുത്തുകളും വായിക്കേണ്ട ആവശ്യമില്ല. സമാധാനപരമായ ഒരന്തരീക്ഷം നാട്ടിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ശ്രമിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും അതിന്റെ ഫലമായി ഇവിടത്തെ ജനങ്ങൾ ഇന്ന് സൈ്വരമായി ജീവിക്കുകയും ചെയ്യുന്നുവെന്നുള്ളത് ഈ എഴുത്തുകളിൽനിന്ന് മനസിലാക്കാവുന്നതാണ്. ഇന്നത്തെ ദേശാഭിമാനിയിൽ, ശ്രീ. പി. ഗോവിന്ദപ്പിള്ളയുടെ പത്രാധിപത്യത്തിൽ നടക്കുന്നതും, പലപ്പോഴും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഒപ്പു വച്ച് വരുന്നതുമായ ദേശാഭിമാനി മുഖപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഒരൊറ്റ വാചകം ഞാൻ വായിക്കാം. ''പുന്നപ്രയും വയലാറും കരിവള്ളൂരും അതല്ല നമ്മെ പഠിപ്പിച്ചത്. കുട്ടിയുടെയും പൗലോസിന്റേയും പൊന്നുനായരുടേയും ശ്രീധരന്റേയും ശിവരാമന്റേയും മറ്റനേകം ധീരരായ കേരള സന്തനങ്ങളുടെയും രക്തം പ്രതികാരത്തിനുവേണ്ടി ദാഹിക്കുകയാണെന്ന്.....

(ഈ സന്ദർഭത്തിൽ പ്രതിപക്ഷബഞ്ചിൽ ഇരുന്ന മെമ്പറൻമാർ എല്ലാം കൂടി എഴുന്നേറ്റു നിന്ന് എന്തോവിളിച്ചു പറഞ്ഞു ബഹളം കൂട്ടിക്കൊണ്ടിരുന്നു. ബഹളത്തിനിടയിൽ എന്താണ് പറഞ്ഞതെന്നു വ്യക്തമായി ,കേൾക്കാൻ പാടില്ലായിരുന്നു).

സർ, ഞാൻ പറയുന്നത് ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ള ഒന്ന് ദയയവു ചെയ്തു കേൾക്കണം. എന്നിട്ട് ബഹളമുണ്ടാക്കൂ. പ്രതികാരത്തിനുവേണ്ടി, പ്രതികാരത്തിനുവേണ്ടി കേരളസന്താനങ്ങളുടെ രക്തം ദാഹിക്കുന്നുവെന്ന് മുഖപ്രസംഗം എഴുതുകയും, ആ മുഖപ്രസംഗത്തിന്റെ ഫലമായി പാവപ്പെട്ട ജനങ്ങളെ കരിച്ചു, കരിച്ചു, ചോദ്യചിഹ്നമാക്കത്തക്കവിധത്തിൽ എത്തിയിരിക്കുന്ന ഒരു സന്ദർഭത്തിൽ സി. ആർ. പി. യെ ഉപയോഗിക്കേണ്ടിവന്നാൽ ഉപയോഗിക്കുക തന്നെ വേണം.

(ഈ സന്ദർഭത്തിലും വലിയ ബഹളമായിരുന്നു)

സർ, ഒരു വാചകം കൂടി. ബംഗാളിലെപ്പോലെ പട്ടാളത്തെ വിളിക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കാൻ കൂടിയാണു ചിലപ്പോൾ സി. ആർ. പി.യെ വിളിക്കുന്നതു എന്നുകൂടി ഞാൻ കൂടിച്ചേർത്തുകൊള്ളട്ടെ. കേരളത്തിലെ പാവപ്പെട്ട ജനങ്ങളെ കരിച്ചു, കരിച്ചു നശിപ്പിക്കുന്ന ഈ അവസരത്തിൽ സി. ആർ. പി. യെ പിൻവലിക്കണമെന്നു പറഞ്ഞാൽ അതിന് സാധ്യമല്ല, പിൻവലിക്കുകയുമില്ല. ഈ അവസരത്തിൽ ഇത്രമാത്രം പ്രസ്താവിച്ചുകൊണ്ട് ഈ പ്രമേയം തള്ളിക്കളയണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

The amendments were, by leave, withdrawn.

Mr. Speaker : Are you pressing the Resolution ?

Shri E. K. Imbichi Bava : Yes.

Mr. Speaker : Those for, those against, the Resolution is lost.

Shri T. K. Ramakrishnan : Sir, I demand a poll.

Shri T. K. Krishnan : Sir, I demand a poll.

A poll was taken when the House divided as follows:

Ayes

1	Shri K. K. Aboo	6	Shri K. Chathunni Master
2	,, V. S. Achyuthanandan	7	,, V. V. Dekshinamoorthy
3	,, A. V. Aryan	8	,, S. Damodaran
4	,, C. K Balakrishnan	9	,, P. Gangadharan
5	,, C. B. Chandrasekhara Warrier	10	,, E. M. George

LIBRARY ARCHIVES Kerala Legislative Assembly

11	Shri	C. Govinda Panicker	28	Shri	P. K. Kunjachan
12	,,	P. Govinda Pillai	29	,,	A. P. Kurian
13	,,	M. K. A. Hameed	30	,,	Paloli Mohammed Kutty
14	,,	E. K. Imbichi Bava	31	,,	Mustafa Kamal
15	,,	C. Kannan	32	,,	A. S. N. Nambissan
16	,,	K. Karunakaran Nair	33	,,	A. S. Purushothaman
17	,,	M. K. Kelu	34	,,	P. G. Purushothaman Pillai
18	,,	M. K. Krishnan	35	,,	K. P. Raghava Poduval
19	,,	T. K. Krishanan	36	,,	P. C. Raghavan Nair
20	,,	R. Krishnan (Alathur)	37	,,	K. I. Rajan
21	,,	R. Krishnan (Palghat)	38	,,	T. K. Ramakrishnan
22	,,	E. P. Krishnan Nambiar	39	,,	M. Sadasivan
23	,,	E. V. Kumaran	40	,,	K. A. Sivarama Bharathy
24	,,	A. V. Kunhambu	41	,,	V. Sreedharan
25	,,	V. V. Kunhambu	42	Dr.	P. K. Sukumaran
26	,,	P. Kunhan	43	Shri	N. Vasudevan Pillai
27	,,	E. T. Kunhan	44	,,	B. Wellingdon

Noes

1	Shri	T. A. Majid	29	Shri	E. John Jacob
2	,,	P. V. Abraham	30	,,	Joseph Chazhikkattu
3	,,	P. M. Abubacker	31	,,	K. Karunakaran
4	,,	E. Ahamed	32	,,	O. Koran
5	,,	C. Ahmedkutty	33	,,	M. Krishnan
6	,,	K. Avukkaderkutty Naha Haji	34	,,	K. K. Kumara Pillai
7	,,	Baby John	35	,,	P. Kunhiraman Kidavu
8	,,	N. K. Balakrishnan	36	,,	P. K. Kunju
9	,,	J. A. Chacko	37	,,	K. G. Kunjukrishna Pillai
10	,,	M. Chadayan	38	,,	V. Kuttikrishnan Nair
11	,,	K. Chandrasekhara Sastri	39	,,	B. Madhavan Nair
12	,,	E. Chandrasekharan Nair	40	,,	Pandalam P. R. Madhavan Pillai
13	,,	V. P. Cherukoya Thangal	41	,,	Mattapalli Majeed
14	,,	N. I. Devassykutty	42	,,	K. M. Mani
15	,,	M. K. Divakaran	43	,,	M. P. Mohammed Jafferkhan
16	,,	T. K. Divakaran	44	,,	C. M. Kutty
17	,,	N. Gamaliel	45	,,	K. Moideenkutty Haji
18	,,	N. Ganapathy	46	,,	M. Moideenkutty Haji
19	Dr.	K. George Thomas	47	,,	C. H. Muhammed Koya Haji
20	Shri	K. M. George	48	,,	C. S. Neelakantan Nair
21	,,	M. K. George	49	,,	K. G. Neelakantan Namboodiripad
22	,,	P. P. George	50	,,	K. Purushothaman Pillai
23	,,	P. K. Gopalakrishnan	51	,,	P. K. Raghavan
24	,,	R. Gopalakrishnan Nair	52	,,	C. K. Rajan
25	,,	G. Gopinathan Pillai	53	,,	P. Ramalingom
26	,,	M. N. Govindan Nair	54	,,	P. Ramunni Kurup
27	,,	M. Hakimji Sahib	55	,,	P. Ravindran
28	,,	K. T. Jacob			

LIBRARY ARCHIVES Kerala Legislative Assembly

56	Shri	Sayed Ummer Bafakih	62	Shri	P. S. Srinivasan
57	,,	R. S. Unni	63	,,	T. V. Thomas
58	,,	P. S. Namboodiri	64	,,	P. Unnikrishna Pillai
59	,,	B. V. Seethi Thangal	65	,,	K. C. Vamadevan
60	,,	K. Sekharan Nair	66	,,	P. P. Wilson
61	,,	N. K. Seshan	67	,,	K. C. Zacharia

Mr. Speaker : Those for the resolution : 44
Those against : 67
Neutrals : Nil

The resolution is lost.

(shame, shame, shame)

Order, Order. The House will now adjourn, and meet again at 8 a. m. on Tuesday, January 27, 1970.

The Assembly adjourned at 12.40 p. m. to meet again at 8 a. m. on Tuesday, January 27, 1970.

LIBRARY ARCHIVES Kerala Legislative Assembly